
സത്യം
അഹിംസ

# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 42 | ലക്കം 5 | 2015 ഒക്ടോബർ 30



## ഭൂമിക്കാരൻ നഗറിൽ നിന്ന്

ബന്ധങ്ങൾ ഉണ്ടെങ്കിൽ സ്നേഹമുണ്ട്. എല്ലാവരും ബന്ധുക്കളാണെന്ന ബോധത്തിലും സ്നേഹമുണ്ട്. സാധാരണ ബന്ധങ്ങളിൽ ഏറ്റവും പരിശുദ്ധം അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധമാണ്. അതിലുപരി സർവ്വ ജീവരാശികളോടുമുള്ള സ്നേഹമാണ് അതാണ് സ്നേഹത്തിന്റെ ഉത്തുംഗശൃംഗം. ദർശനത്തിന്റെ വിശ്വമൈത്രീ ഭാവന ലക്ഷ്യമിടുന്നത് ഈ സ്നേഹവും, പരസ്പരാനന്ദവുമാണ്. ഈ വലിയ സങ്കൽപ്പത്തോടെ ദർശനം ഒരു മെഴുകുതിരി പോലെ പ്രകാശിക്കുന്നു. താത്പര്യമുള്ളവർക്ക് കൊളുത്തിയെടുക്കാം, കൈപകരാം. കൂട്ടായ്മകൾ അതിനുവേണ്ടിയുള്ളതാണ്.

പ്രിയമുള്ളവരെ നമസ്കാരം. സെപ്റ്റംബർ 20 ഞായറാഴ്ച നീർക്കുന്നം സ്കൂളിൽ നടന്ന കൂട്ടായ്മയുടെ വിവരങ്ങൾ വളരെ ചുരുക്കി ഒന്ന് കുറിക്കട്ടെ. എന്നാൽ ഒരു അശ്രുപൂജ നടത്താതെ ഇത് എഴുതാനാകുന്നില്ല. നമ്മുടെ കൂട്ടായ്മകളുടെയെല്ലാം നിറസാന്നിദ്ധ്യമായിരുന്ന ദേവദത്ത് ജി. പുറക്കാട് അന്തരിച്ചു. കേണൽ

സാരസാക്ഷനും, നമ്മോട് വിട പറഞ്ഞു. ദർശനം കുടുംബാംഗമായിരുന്ന മാമച്ചനും (സംവിധായകൻ മാത്യുപോൾ) ഓർമ്മയായി. അച്ഛന്റെ ഈ ആത്മമിത്രങ്ങൾക്ക് ദർശനം കൂട്ടായ്മ മാനുഷിക ധ്യാനപഥത്തിലൂടെ അഭിവാദ്യം അർപ്പിക്കുന്നു. എല്ലാവർക്കും ശാന്തിയും, സമാധാനവും ഉണ്ടാകട്ടെ.

സ്മരണാഞ്ജലിക്കായി ധന്യയിലെത്തിയവർ പ്രഭാത ഭക്ഷണം കഴിച്ച് 9 മണിയോടെ സ്കൂളിലേയ്ക്ക് നടന്നു തുടങ്ങി. ഗിരിജനും, സതീഷ് ചന്ദ്രനും, ബാനറുമായി മുന്നിലുണ്ട്. ഭൂമിക്കാരൻ നഗറിലേക്കുള്ള സ്വാഗത കമാനം കടന്ന് ഞങ്ങൾ സ്കൂൾ ആഡിറ്റോറിയത്തിലെത്തി. വേദിയിൽ കുറുപ്പു സാറിന്റെ എണ്ണഛായാചിത്രം, ഭാവിലോകം സിഡിയിൽ നിന്നും കുറുപ്പുസാറിന്റെ സ്നേഹമസൃണമായ ശബ്ദം മൈത്രീ ഭാവന കൊണ്ട് ഈ പദയാത്രികരെ അഭിഷേകം ചെയ്യുന്നു. ആ ഉണർവ്വോടെ എല്ലാവരും വേദിയിൽ വന്നിരുന്നു. ശ്രീ ഹംസ കുഴിവേലിൽ കൂട്ടായ്മയുടെ ലക്ഷ്യം വിശദീകരിച്ച് സ്വാഗതം പറഞ്ഞു.

**മാനുഷിക ധ്യാനം** : കുറുപ്പുസാർ ആവിഷ്കരിച്ച മാനുഷിക ധ്യാനത്തോടെ നമുക്ക് തുടങ്ങാം. ദർശനത്തിന്റെ പ്രചാരകനായ തുറവൂർ വിജയനാഥാണ് ഇന്ന് നമ്മെ മാനുഷികധ്യാനം പരിശീലിപ്പിക്കുന്നത്. എല്ലാവരും മൗനമായി ശാന്തരായിരുന്നു. ധ്യാനവാചകങ്ങൾ ശ്രീ.വിജയനാഥ് മെല്ലെ ഉരുവിട്ടുതുടങ്ങി. സ്വന്തം വീട്ടിൽ തുടങ്ങി ധ്യാനത്തിന്റെ ഓരോ ഇതളുകളും മനസ്സിൽ വിരിയിച്ച് അയൽക്കൂട്ടങ്ങളും നാടും പിന്നിട്ട് ആഗോള മാനുഷികധ്യാനത്തിലെത്തി. അവിടെ ഭൂമിയിലുള്ള എല്ലാവരും ജാതി-മത ഭേദമന്യേ എനിക്ക് വേണ്ടപ്പെട്ടവരാണെന്ന് ചിന്തിച്ച് മനസ്സ് വികസിപ്പിക്കുന്നു. തുടർന്ന് പ്രപഞ്ചധ്യാനം-വിശ്വമാകെ വ്യാപിച്ചിരിക്കുന്ന പ്രപഞ്ച ചൈതന്യത്തിൽ അതിന്റെ ഭാഗമായ നാം എല്ലാം മറന്ന് ലയിക്കുന്നു. സാവധാനം കണ്ണു തുറക്കൂ. കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി ശിഷ്ടകാലം ആരോടും പരിഭവമില്ലാതെ കഴിയുന്ന സേവനം ചെയ്ത് പരസ്പരാനന്ദമായി ജീവിക്കാം. വിപരീത സാഹചര്യങ്ങളെ സാധനാസാമഗ്രികളാക്കി മാറ്റിയെടുക്കാം.

2001 ജൂലൈ മാസത്തിൽ ദർശനത്തിൽ സാർ എഴുതിയ ജന്മോദ്ദേശ്യം എന്ന ലേഖനം കൊച്ചു മകൾ കൃഷ്ണ ഇവിടെ വായി

ക്കുന്നു. അതിൽ നിന്നും ഏതാനും വരികൾ കേട്ടാലും. ദർശനം വായനക്കാരിൽ ഓരോരുത്തരും  നമ്മുടെ ഭൗമാന്തരീക്ഷത്തിലേയ്ക്ക് ഹൃദ്യതയുടെ തരംഗങ്ങൾ പ്രസരിപ്പിക്കുവാൻ ശ്രമമാരംഭിക്കണം. വായനയും കീർത്തനവും പ്രവർത്തനവും സകല ബാഹ്യചലനങ്ങളും പുറത്തേക്ക് വിടുന്ന ഭാവം ആർദ്രതയുടേതാവാൻ ശ്രദ്ധവയ്ക്കണം. സന്തോഷത്തിന്റേയും അൻപിന്റേയും കുളിർ തരംഗങ്ങൾ കൃഷിയിലും കച്ചവടത്തിലും യാത്രയിലും സംഭാഷണത്തിലുമെല്ലാം കലർന്നു വരുവാൻ സാധന ചെയ്ത് തുടങ്ങണം. വെറുപ്പിന്റെ വിത്തു വാരി വിതച്ചിട്ട് സ്നേഹത്തിന്റെ കതിർ കൊയ്യാമെന്ന് കരുതിയാൽ അത് സംഭവിക്കുമോ. നല്ല വിത്ത് വിതച്ചാലും കൊയ്യാൻ ചിലപ്പോൾ കഴിഞ്ഞില്ലെന്നും ഒക്കെ പതിരായിപ്പോയെന്നും വരാം. എന്നാലും വീണ്ടും വീണ്ടും നല്ല വിത്തുകൾ തന്നെ വാരിവിതയ്ക്കണം. അതെവിടെ കിട്ടും. നമ്മുടെ ഉള്ളിൽ നന്മയുടെ മഹാനിക്ഷേപം തുറക്കപ്പെടാതെ കിടപ്പുണ്ട്. മാനുഷിക ധ്യാനം, ജൈവാർച്ചന, തറക്കൂട്ടം തുടങ്ങിയ സംരംഭങ്ങൾ ഈ നിക്ഷേപങ്ങൾ തുറക്കാനുള്ള താക്കോലുകളാണ്. മറ്റുള്ളവർ തുറക്കുമോ. എന്നു നോക്കുന്നതിന് പകരം നമുക്ക് നമ്മുടെ ഉള്ളിലെ നിക്ഷേപം തുറന്നുവെയ്ക്കാം. സുഗന്ധം നാലുപാടും പരക്കട്ടെ. പ്രവഹിക്കാൻ തുടങ്ങിയാൽ അത് വറ്റാത്ത ഉറവ ആയിക്കൊള്ളും.

തുടർന്ന് സ്മരണാഞ്ജലി സന്ദേശം നൽകുവാനായി ഡോ. അമ്പലപ്പുഴ ഗോപകുമാറിനെ ക്ഷണിച്ചു. കുറുപ്പു സാറിനെ നമിച്ച് സാർ പറഞ്ഞു തുടങ്ങി. സംസ്കാരച്യുതി കൊണ്ട് അന്ധകാരം ബാധിച്ച നമ്മുടെ സമൂഹത്തെ മനോവാക് കർമ്മങ്ങൾ കൊണ്ട് പ്രഭാപൂരിതമാക്കിയ കർമ്മയോഗിയായിരുന്നു കുറുപ്പുസാർ. സർവ്വരുടെയും ഉയർച്ചയും, ആനന്ദവുമല്ലാതെ സാറിന് മറ്റൊരു ലക്ഷ്യവുമില്ലായിരുന്നു. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളായ മാനുഷികധ്യാനവും, അയൽക്കൂട്ട സന്ദേശവുമൊക്കെ ക്ഷമയോടെ അവസാന നിമിഷം വരെ പ്രചരിപ്പിച്ചു കൊണ്ട്  ഈ കാലഘട്ടത്തിന്റെ ചൈതന്യമായി ജീവിതം സന്ദേശമാക്കിയ മഹാനായിരുന്നു പങ്കജാക്ഷകുറുപ്പുസാർ. അദ്ദേഹത്തിന്റെ ആത്മസാന്നിദ്ധ്യം ഇപ്പോഴും ഇവിടെയുണ്ട്. ദർശനത്തെ മുന്നോട്ട് നയിക്കുന്നതും അതുതന്നെ. ഡോക്ടർ അമ്പലപ്പുഴ ഗോപകുമാർ അഭിപ്രായപ്പെട്ടു.

സുഭാഷ് പലേക്കറോടൊപ്പം കൃഷി രംഗത്ത് പ്രവർത്തിക്കുന്ന കുര്യൻ ചേട്ടൻ സ്മരാഞ്ജലി അർപ്പിച്ച് തന്റെ അനുഭവങ്ങൾ പങ്കിട്ടു. ഡോ. പത്മകുമാർ ദർശനത്തിന്റെ കാഴ്ചപ്പാട് വിശദീക രിച്ചു കൊണ്ട് അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽക്കലാമിന് ദർശനത്തിന്റെ ആദരാഞ്ജലികൾ അർപ്പിച്ചു. അടുത്തതായി പ്രസംഗിച്ച അഡ്വ. പ്രദീപ് കൂട്ടാല ദർശനത്തിന്റെ ഇപ്പോഴത്തെ നിഷ്ക്രിയ ശൈലി മാറ്റി കുറുപ്പു സാറിനെപ്പോലെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് കുറേക്കൂടി സക്രിയമാകണ മെന്ന് ഉദ്ബോധിപ്പിച്ചു. അല്ലാതെ വെറുതെ ആണ്ടു കാലം സ്മരണാഞ്ജലി നടത്തി പിരിഞ്ഞ് പോകുന്നത് അർത്ഥശൂന്യമാ ണ് എന്ന് ഓർമ്മിപ്പിച്ചു. നമ്മുടെ എ.ഇ.ഒ. കൃഷ്ണദാസ് സാർ പര സ്പര സ്നേഹത്തിലൂടെയാണ് മനുഷ്യന്റെ പ്രശ്നങ്ങൾ പരിഹരി ക്കപ്പെടുന്നത്, അതിലേക്കുള്ള പ്രായോഗിക നിർദ്ദേശം തരുന്ന സാറിന്റെ അയൽക്കൂട്ട ദർശനങ്ങൾ എല്ലാവരും ഉൾക്കൊള്ളുക എന്ന് അഭിപ്രായപ്പെട്ടു. അടുത്തതായി വിദ്യാധരൻ സാറിന്റെ പ്രസംഗം. കാട്ടുതേൻ പോലെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച്, കൂടെ സുന്ദരമായ പാട്ടും പരസ്പരാനന്ദം. പോലീസ് ഇൻസ്പെക്ടറാണെങ്കിലും അദ്ദേഹം പറഞ്ഞു കുറുപ്പു സാറിന്റെ സന്ദേശം ജീവിതമായാൽ ഞങ്ങളുടെ പണി പോകും.

തുടർന്ന് ഡോ. എൻ.എൻ. പണിക്കർ സാർ നമ്മുടെ ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുവാൻ സൗരോർജ്ജം ഉപയോഗിക്കു ന്നതിനെപ്പറ്റിയും, പുഴ മാലിന്യ മുക്തമാക്കുന്നതിന്റെ പ്രാധാന്യത്തെ പ്പറ്റിയും പ്രതിപാദിച്ചു. പ്രിയമുള്ളവരെ ഇവിടെ വേദിയിൽ അങ്ങു ദൂരെ ഈരാറ്റുപേട്ടയിൽ ദർശനത്തിന്റെ വിത്തുകൾ ഏറെ കിളിപ്പി ച്ചിട്ടുള്ള അച്ഛന്റെ പ്രിയശിഷ്യൻ എബി ഇമ്മാനുവലും, ശാസ്താ കോട്ടയിൽ നിന്നെത്തിയ അപ്പുക്കുട്ടൻ സാറും, ബസുമയും ഒക്കെ എത്തിയിട്ടുണ്ട്. അവരുടെ പ്രവർത്തനാനുഭവങ്ങൾ ഈ വേദിയിൽ പങ്കിടേണ്ടതാണ്. എന്നാൽ ഇപ്പോൾ മണി 12 ആകുന്നു. ഡോ. ജേക്കബ്ബ് വടക്കഞ്ചേരിയുടെ ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സിന് സമയമായി. മറ്റു പരിപാടികളൊക്കെ വൈകിട്ടത്തേക്ക് മാറ്റിക്കൊണ്ട് ഡോ. ജേക്കബ്ബ് വടക്കഞ്ചേരിയെ ക്ലാസ്സെടുക്കാനായി ആദരപൂർവ്വം ക്ഷണിച്ചു. മനുഷ്യന്റെ ജീവിത ശൈലീ രോഗങ്ങൾക്ക് ആശുപ ത്രികൾ വർദ്ധിപ്പിച്ചിട്ട് എന്തു കാര്യം. മാനം മുട്ടെ വളരുന്ന പഞ്ചന

ക്ഷത്ര ആശുപത്രികൾക്ക് മനുഷ്യാരോഗ്യം സംരക്ഷിക്കാനാകുമോ. പൂർണ്ണമായ രോഗശമനം വരാതെ എന്നും ഔഷധം കഴിച്ച് ജീവിക്കാൻ വിധിക്കപ്പെടുന്ന സാധു മനുഷ്യർ ഇതിന് ഒരു മാറ്റം വേണ്ടേ ഡോ. ജേക്കബ്ബ് വടക്കഞ്ചേരി പറഞ്ഞു തുടങ്ങി. കുറച്ച് മുളപ്പിച്ച് കപ്പലണ്ടി വിതരണം ചെയ്തു. അത് കഴിച്ച് എല്ലാവരും ക്ലാസ്സിന് തയ്യാറായി.

അമ്മയുടെ വയറ്റിൽ അണ്ഡവും, ബീജവും, ചേർന്നുള്ള ഒരൊറ്റ കോശത്തിൽ തുടങ്ങി കോടികളായി പെരുകി അവയവങ്ങളെല്ലാം നിർമ്മിക്കാൻ ബാഹ്യമായ ആരുടേയും യാതൊരു വൈദഗ്ദ്ധ്യവും ഇടപെടലുകളും ആവശ്യമായി വരുന്നില്ല. ഇതിനു വേണ്ടി അമ്മ ഹിതമായ ആഹാരം കഴിച്ചാൽ മാത്രം മതിയാകും. 80 ലക്ഷം വരുന്ന ഭൂമിയിലെ ഇതര ജീവജാലങ്ങളുടെയെല്ലാം സ്ഥിതിയും ഇതു തന്നെ.

എല്ലാ പൂർണ്ണതയോടും കൂടി പുറത്തു വരുന്ന ഈ ജീവന്റെ നിലനിൽപ്പിനും, ശാരീരിക പ്രവർത്തനഭംഗ പരിഹാരത്തിനുമായിട്ടാണ് പുത്തൻ ശാസ്ത്രലോകം കഠിന പ്രയത്നം ചെയ്യുന്നതായുള്ള പ്രകടനം. നിർമ്മാണത്തിന് ആവശ്യമില്ലാത്ത വൈദഗ്ദ്ധ്യം നിലനിർത്തുന്നതിനോ?

ഒന്നായി കാണേണ്ട ഈ ശരീരത്തെ വിഭജിച്ച് പ്രത്യേകം പേര് നൽകി പ്രത്യേകം വൈദഗ്ദ്ധ്യത്തിന് കീഴിലാക്കി രോഗപരമ്പരകൾക്ക് വ്യത്യസ്ത ചികിത്സ നടത്തുന്നു. ഈ വിഷമരുന്നുകളുടെ പാർശ്വഫലങ്ങൾ കാരണം നമ്മെ മറ്റു ചികിത്സാ ജന്യരോഗങ്ങളിലും കൂടി എത്തിക്കുന്നു, ഒന്നിന് രണ്ട് ഫ്രീയായി. സന്താനോൽപ്പാദനം പോലും ഗുരുതര രോഗമാക്കിയിരിക്കുന്നു, ചികിത്സ നടത്തുന്നു. ഭൂമിയിൽ സഹജീവികൾക്ക് ഒന്നിനു പോലും വേണ്ടാത്തത് നമുക്ക് അനിവാര്യമോ ? സ്വാഭാവിക പ്രതിരോധ ശക്തികളോടെ ജനിക്കുന്ന കുഞ്ഞിന് വാക്സിൻ നൽകി അതിനും തുരങ്കം വെയ്ക്കുന്നു.

ആരോഗ്യം ആധുനിക ഡോക്ടറെ ഏൽപ്പിച്ചപ്പോൾ രാജ്യം മരുന്ന് മാഫിയകൾക്ക് പറുദീസയായി ചികിത്സാചാകര മാത്രമാണ് മാഫിയയുടെ ലക്ഷ്യം. നമ്മെയെല്ലാം ആധുനിക ചികിത്സാമതത്തിന്റെ അനുയായികളുമാക്കി.

സേവനത്തിന്റെയും, നന്മയുടേയും, മുഖംമൂടിയണിഞ്ഞ്,

ആതുര സേവനത്തിന്റെ മറപിടിച്ച് ശാസ്ത്രജ്ഞന്മാരെയും, ഭരണ കൂടങ്ങളെയും വിലയ്ക്ക് വാങ്ങി ആധുനികമെന്ന് ഓമനപ്പേര് നൽകി നടത്തുന്ന ഈ രോഗവ്യവസായം അതിന്റെ ഭീകരമുഖം അനായാസം മറച്ചു പിടിച്ചു കൊണ്ട് ഇതിനെ ലോകത്ത് ഏറ്റവും പുഷ്ടിക്കപ്പെട്ട വ്യവസായമാക്കി വളർത്തി. പുഷ്ടി കൂടുന്തോറും ആരോഗ്യം മെച്ചപ്പെടേണ്ടതിന് പകരം രോഗാതുരതയാണ് വർദ്ധിക്കുന്നതെന്ന വീപരീത പ്രതിഭാസത്തിലാണെന്ന് W.H.O.യും സമ്മതിച്ചിട്ടുള്ളതാണ്.

തൈത്തിരിയോപനിഷത്തും, ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവുമായ ഹിപ്പോക്രാറ്റസും പറഞ്ഞിട്ടുള്ളത് ആഹാരം തന്നെയാണ് ഔഷധമെന്നും, ഇതിൽ നിന്നും അന്യമായി മറ്റൊരു ഔഷധമില്ലെന്നുമാണ്. പഞ്ചഭൂതനിർമ്മിതമായ ഈ ശരീരം അന്നത്തിൽ പോഷിക്കപ്പെട്ടതാണ്. ശരീരത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതും ഭക്ഷണം തന്നെയാണ്.

നാടിന് തന്നെ കൈമോശം വന്ന സുസ്ഥിരമായ ആരോഗ്യം വീണ്ടെടുക്കാനും, ആരോഗ്യമുള്ള ഒരു തലമുറയെ പുനഃസ്ഥാപിക്കാനും ഇനിയെങ്കിലും നമുക്ക് ഹിതമായ ആഹാരം സ്വയം ഉല്പാദിപ്പിച്ചും, പാകം ചെയ്തും കഴിക്കാം. അമ്മമാരാകട്ടെ ഡോക്ടർമാർ, അടുക്കളയാകട്ടെ ആശുപത്രി, ഹിതാഹാരമാകട്ടെ ഔഷധങ്ങൾ. ഇവയാകട്ടെ നമ്മുടെ മുദ്രാവാക്യം.

ഔഷധരഹിത ചികിത്സയ്ക്ക് ഉതകുന്ന ആരോഗ്യവിദ്യാഭ്യാസമാണ് നാം നേടിയെടുക്കേണ്ടതെന്ന് ഗാന്ധിജിയും പണ്ടേ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുള്ള കാര്യമാണ്, ചെവിക്കൊള്ളാൻ നമുക്കായില്ലെന്നും മാത്രം.

മണി ഒന്നരയായി പ്രഭാഷണം തുടരുന്നു. എല്ലാവരും ശ്രദ്ധയോടെ കേട്ടിരിക്കുന്നു. രോഗത്തെ ഭയപ്പെടേണ്ട. തെറ്റായ ഭക്ഷണത്തേയും, ഔഷധങ്ങളേയുമാണ് ഭയപ്പെടേണ്ടത്. ഇനിയും സമയമുണ്ട് മിതമായി ഭക്ഷണം കഴിച്ച് ഒരു നേരം കായ്കനികൾ മാത്രമാക്കി അവയ്ക്കായി അൽപ്പസമയം കൃഷി ചെയ്ത് അടുത്ത തലമുറയെ എങ്കിലും രക്ഷപ്പെടുത്തുവാൻ ശ്രമിക്കൂ എന്ന അഹ്വാനത്തോടെ ഡോക്ടർ തന്റെ പ്രസംഗം കുറുപ്പുസാറിനുള്ള ഗുരുദക്ഷിണയായി സമർപ്പിച്ചു.

ഇനി വരൂ നമുക്ക് ഭക്ഷണം കഴിക്കാം. കഞ്ഞിപ്പാടത്തു നിന്നും

മോഹനൻ നമുക്ക് ഭക്ഷണം ഉണ്ടാക്കി കൊണ്ടുവന്നിട്ടുണ്ട്. വട്ടപ്പായിത്ര അമ്പലത്തിൽ നിന്നും പാത്രങ്ങളും. നല്ല അവിയൽ, സാമ്പാർ, തോരൻ, മോര്, ഉപ്പിലിട്ടത് ഒക്കെ കൂട്ടി ഒരു ലളിതമായ ഊണ്. ഭക്ഷണം കഴിഞ്ഞ് ഓഡിറ്റോറിയത്തിലും, ക്ലാസ്സ് മുറികളിലുമായി തറക്കൂട്ടം കൂടി. 15 പേർ വീതം വൃത്താകൃതിയിൽ ചേർന്ന് പരിചയപ്പെട്ട് ചിത്തശുദ്ധിക്കായി ദർശനത്തിൽ പറയുന്ന ഒരു ഭാഗം വായിച്ച് ചർച്ച നടത്തി. **ഭൂമിയിൽ ആരോടെങ്കിലും എനിക്ക് വെറുപ്പുണ്ടോ? ഏതെങ്കിലും ഒരു വ്യക്തിയോ, സമൂഹമോ എനിക്കുള്ളതല്ലെന്നും അവർ നശിച്ചു പോകണമെന്നും ഞാൻ വിചാരിക്കാറുണ്ടോ? എല്ലാവരുടേയും അഭ്യുദയം ഞാൻ ആഗ്രഹിക്കുന്നുണ്ടോ? ചുറ്റുവട്ടത്തുള്ളവരോട് ചേർന്ന് ആനന്ദമായി ജീവിക്കുവാനാണോ, അതോ മറ്റുള്ളവരെ കുറ്റപ്പെടുത്തുവാനാണോ എന്റെ മനസ്സ് ശ്രമിക്കുന്നത്. ഇത്തരത്തിൽ ഒരു മനോവിശകലനം നടത്തുക, വിപരീത മറുപടിയാണ് കിട്ടുന്നതെങ്കിൽ എന്റെ വിശ്വാസ പ്രമാണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിക്കൊള്ളുക. ഇത് ചെയ്യാതെ നിർമ്മ്യാല്യ ദർശനവും, കുർബ്ബാന കൈക്കൊള്ളലും, അഞ്ചു നേരം നിസ്കാരവും കൃത്യമായി നടന്നു കൊണ്ടിരിക്കെ നാം ഈശ്വരനിൽ നിന്നും അകന്നു കൊണ്ടിരിക്കും. ഓരോരുത്തരും സ്വന്തം മനസ്സിൽ ഭീകരതയ്ക്ക് സ്ഥാനം നൽകാതിരുന്നാൽ വേരറ്റ് ഈ ഭീകരവൃക്ഷം ഉണങ്ങിപ്പോകും.** ചർച്ചകൾക്ക് ശേഷം സമാപന സമ്മേളനം ആരംഭിച്ചു. ശ്രീ. എസ്.കെ.എം ബഷീർ, കുട്ടപ്പൻ സാർ, സാംജോസ്, ചന്ദ്രൻ പുറക്കാട് തുടങ്ങിയവർ ചർച്ചാ വിവരണം നടത്തി.

**മേളാ സന്ദേശം**

മനുഷ്യമനസ്സിലെ സ്വകാര്യമാത്രപരതയാണ് ഇന്ന് നാം അനുഭവിക്കുന്ന പ്രശ്നങ്ങളുടെ മുഖ്യഹേതു. ബന്ധുത്വസംസ്കാരം വളർത്തുകയാണ് ദർശനത്തിന്റെ മാർഗ്ഗം. അതിനുള്ള പ്രചോദനം ലഭിക്കുവാൻ വേണ്ടിയാണ് സ്മരണാഞ്ജലികൾ നടത്തുന്നത്. ഇത് വെറുമൊരു കർമ്മമല്ല. സമൂഹ നന്മയ്ക്ക് വേണ്ടി മനുഷ്യന്റെ സംസ്കാരം, ആരോഗ്യം ഇവയൊക്കെ വീണ്ടെടുക്കുവാനായി നടത്തുന്ന ഒരു യജ്ഞമാണ്. സ്വാർത്ഥതയില്ലാത്ത കർമ്മമാണ് യജ്ഞം. ഇതിലൂടെ ശരിയായ ജീവിത ദർശനം നേടിയെടുക്കണം. യേശുക്രിസ്തു തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കാൻ

ഉപദേശിച്ചു. ശ്രീനാരായണ ഗുരുദേവൻ അയൽവക്കത്തായത്തിന് നിർദ്ദേശം നൽകി. "അയൽതഴപ്പതിനായി അതി പ്രയത്നം നയം അറിയുന്ന നരൻ ആചരിച്ചീടേണം". ഇന്നിപ്പോൾ അയൽവക്ക ത്തായത്തിൽ നിന്നും അകലത്തായത്തിലേയ്ക്കാണ് ലോകം പൊയ്ക്കൊണ്ടിരിക്കുന്നത്. അവിടെയാണ് കുറുപ്പുസാറിന്റെ അയൽക്കൂട്ടത്തിന്റേയും, പരസ്പരാനന്ദത്തിന്റേയും പ്രസക്തി. നമ്മുടെ തെറ്റുകുറ്റങ്ങൾ നാം സ്വയം പൊറുക്കുന്നുണ്ടല്ലോ? സമൂ ഹത്തിലെ തിന്മ കണ്ട് നിരാശപ്പെടാതെ നന്മ കാണാൻ ശ്രമിക്കുക. സ്നേഹവും, സേവനവുമാണ് സമൂഹജീവിയായ മനുഷ്യന്റെ രക്ഷാ മാർഗ്ഗം. വിശ്വമൈത്രീഭാവനാ ദീപം മനസ്സിൽ കൊളുത്തി നമുക്ക് നമ്മുടെ തലമുറയെ രക്ഷിക്കാൻ ആവുന്നത് ശ്രമിക്കാം. എല്ലാം ശുഭമായി പര്യവസാനിക്കുന്നു. എല്ലാവർക്കും, ജാപ്പിയും, ഇഷ്ടം പോലെ നെയ്യപ്പവും വിതരണം ചെയ്തു. ഈ സ്കൂളിന്റെ ഹെഡ്മാ സ്റ്റർ ബൈജു സാർ ശുചീകരണം മുതൽ എല്ലാകാര്യങ്ങൾക്കും ഒപ്പമുണ്ടായിരുന്നു. എല്ലാം മംഗളമാകുവാൻ ഇത് ഏറെ സഹായി ച്ചു. തലേദിവസം ബാനർ കെട്ടുന്ന ജോലി മുതൽ അടുക്കള വരെ ദർശന മിത്രങ്ങളുടെ കയ്യെത്തുന്നുണ്ടായിരുന്നു. പേരെടുത്തു പറ യാതെ എല്ലാവർക്കും പ്രണാമം. 5 മണിക്ക് മാനുഷിക ധ്യാന ത്തോടെ യോഗം സമാപിച്ചു. ഇനി ഈ ആശയങ്ങൾ നമ്മളുടെ ഹൃദയത്തിൽ വളരട്ടെ. ജയ് ജഗത് !.

## "സ്വകാര്യമാത്രപരതയെ മറികടക്കുക" – ഫ്രാൻസീസ് മാർപ്പാപ്പാ

മനുഷ്യനിൽ ഫണംവിടർത്തിനിൽക്കുന്ന സ്വകാര്യമാത്ര പരതയാണ് ലോകത്തെ ഇന്നത്തെ ദുരവസ്ഥയിലെത്തിച്ചതെന്നും ഒരു നവലോകസൃഷ്ടിക്കു തടസ്സം നിൽക്കുന്നതെന്നുമുള്ള ഡി. പങ്കജാക്ഷൻസാറിന്റെ അതേ കണ്ടെത്തൽ, നവീനാശയങ്ങൾ കൊണ്ടും ധീരവും സ്നേഹമസൃണവുമായ ജീവിതമാതൃകകൾ കൊണ്ടും ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന ഫ്രാൻസീസ് മാർപ്പാപ്പായും പങ്കുവയ്ക്കുന്നു. 'സ്തുതിയായിരിക്കട്ടെ' (Laudato Si) എന്ന ശീർഷകത്തിൽ, 'നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണ

ത്തെക്കുറിച്ച്' അദ്ദേഹം അടുത്ത കാലത്തെഴുതിയ ചാക്രിക ലേഖനത്തിൽ ലോകം ഇന്നു നേരിടുന്ന പാരിസ്ഥിതിക പ്രതിസന്ധി യുടെ പശ്ചാത്തലിൽ ഏതാണ്ടെല്ലാ പ്രശ്നങ്ങളെയും, പങ്കജാക്ഷൻ സാറിന്റെ 'പുതിയ ലോകം പുതിയ വഴി'യിലെന്നതുപോലെ, കൃത്യമായി നിരീക്ഷിക്കുകയും പരിഹാരമാർഗ്ഗങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നുണ്ട്. ഇരുവരുടെയും നിരീക്ഷണങ്ങളും പരിഹാരനിർദ്ദേശങ്ങളും തമ്മിലുള്ള സാദൃശ്യം ആരെയും വിസ്മയിപ്പിക്കാൻ പോരുന്നതാണ് എന്നു പറഞ്ഞേതീരൂ. ഭൂമിയെന്ന ഈ ഗ്രഹത്തെ 'നമ്മുടെ പൊതുഭവന'മായി മാർപ്പാപ്പാ അവതരിപ്പി ക്കുമ്പോൾ, 'നാമെല്ലാം ഭൂമിക്കാർ' എന്ന പങ്കജാക്ഷൻസാറിന്റെ അതേ നിലപാടു തറയിൽനിന്നുകൊണ്ടാണ് അദ്ദേഹവും സംസാരി ക്കുന്നതെന്നു വ്യക്തമാണല്ലോ. പങ്കജാക്ഷൻസാറിന്റേതിനോടു സമാനത പുലർത്തുന്ന അദ്ദേഹത്തിന്റെ ഏതാനും വാക്യങ്ങൾ താഴെകൊടുക്കുന്നു:

"...അവനവനിൽനിന്നു പറുത്തുവന്ന് അപരനിലേക്കു കടക്കാൻ കഴിവുള്ളവരാണ് എപ്പോഴും നാം. നമ്മൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ, മറ്റു സൃഷ്ടികളുടെ യഥാർത്ഥമൂല്യം അംഗീകരിക്കപ്പെടാതെപോകും; മറ്റുള്ളവർക്കുവേണ്ടിയുള്ള കാര്യങ്ങളിൽ നാം കരുതലില്ലാത്തവരായിത്തീരും; മറ്റുള്ളവരുടെ ദുരിതസാഹചര്യങ്ങളെയും നമ്മുടെതന്നെ വഷളായിക്കൊ ണ്ടിരിക്കുന്ന ചുറ്റുപാടുകളെയും മാറ്റിയെടുക്കുന്നതിന്, നമുക്കു മേൽതന്നെ പരിധി നിർണ്ണയിച്ച് നമ്മെ ഒരുക്കിയെടുക്കുന്നതിൽ നാം പരാജിതരാകും. നമ്മുടെ സഹോദരീസഹോദരന്മാരുടെ സുസ്ഥി തിയും പ്രകൃത്യാനുസാരിയായ പരിസ്ഥിതിയും നാം യഥാർ ത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ, മറ്റുള്ളവരോട് സ്വകാര്യ താല്പര്യമേശാത്ത കരുതൽമനോഭാവവും അവനവനിലേക്കു കേന്ദ്രീകരിക്കുന്നതും എല്ലാം അവനവനുവേണ്ടിയുള്ളതാ ക്കാനുദ്ദേശിക്കുന്നതുമായ സ്വകാര്യമാത്രപരത (individualism) യുടെ എല്ലാ രൂപങ്ങളുടെയും നിരാകരണവും അനിവാര്യമാണ്.... സ്വകാര്യമാത്രപരതയെ മറികടക്കാൻ നമുക്കു കഴിഞ്ഞാൽ, തീർച്ചയായും വ്യത്യസ്തമായൊരു ജീവിതശൈലി വികസി പ്പിച്ചെടുക്കാനും സമൂഹത്തിൽ നിർണ്ണായകമാറ്റങ്ങൾ കൊണ്ടുവരു

വാനും നമുക്കു കഴിയും" (208-ാം ഖണ്ഡിക).

'പുതിയ ലോകം പുതിയ വഴി'യിലെ, 'സ്വകാര്യമാത്രപരതേ നീ തന്നെ ശത്രു', 'സ്വകാര്യമാത്രപരതയുടെ പരിണാമങ്ങൾ', 'സ്വാർത്ഥതയും സ്വകാര്യമാത്രപരതയും' എന്നീ ഉപശീർഷകങ്ങൾക്കുകീഴിൽ വിശദീകരിക്കപ്പെട്ടിട്ടുള്ള ആശയത്തിന്റെ സംക്ഷിപ്തമാണ് ഫ്രാൻസീസ് മാർപ്പാപ്പാ ഇവിടെ പറഞ്ഞിരിക്കുന്നത് എന്നു കണ്ടെത്താതിരിക്കാൻ പങ്കജാക്ഷൻസാറിന്റെ ആശയശിഷ്യന്മാർക്കു കഴിയുമെന്നു തോന്നുന്നില്ല.

മാർപ്പാപ്പാ പറയുന്നു: "വ്യക്തിതലത്തിൽ നന്മ ആർജ്ജിച്ച് ഓരോരുത്തർ സ്വയം നല്ലവരായതുകൊണ്ടുമാത്രം ഇന്നു ലോകം അഭിമുഖീകരിക്കുന്ന അതിസങ്കീർണ്ണപ്രശ്നങ്ങൾക്കു പരിഹാരമാവില്ല... അത്തരം ഒറ്റപ്പെട്ട നന്മപ്രവൃത്തികളെ ചേർത്തുവച്ചുകൊണ്ട് സാമൂഹികപ്രശ്നങ്ങളെ നേരിടാനുമാവില്ല; അതിന് സാമൂഹികമായ കൂട്ടായ്മാശൃഖലകൾക്കു രൂപംകൊടുത്ത് ആ തലത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്" (219-ാം ഖണ്ഡികയിൽനിന്ന്).

ഇതേ ആശയത്തിന്റെ വിപുലീകരണമാണ് പങ്കജാക്ഷൻ സാർ, തന്റെ 'പുതിയ ലോകം പുതിയ വഴി'യിലെ 'ചിന്തനത്തിനു ചെറുസമൂഹം', 'ചെറുതായി തുടങ്ങുക', 'പരസ്പരരൂപീകരണം', 'ബോധപൂർവ്വസമൂഹം', എന്നീ ഉപശീർഷകങ്ങൾക്കുകീഴിൽ നൽകിയിരിക്കുന്നതെന്നു നമുക്കു കാണാനാകും.

മാർപ്പാപ്പായുടെ മറ്റൊരു ഉദ്ധരണി: "പല കാര്യങ്ങളിലും ദിശാമാറ്റം ഉണ്ടാകേണ്ടതുണ്ട്; എന്നാൽ, അതിലെല്ലാമുപരിയായി, മനുഷ്യരായ നാമാണു മാറേണ്ടത്. നമ്മുടെ പൊതു ആവിർഭാവത്തെക്കുറിച്ചും പരസ്പരബന്ധുത്വത്തെക്കുറിച്ചും എല്ലാവരുമായി പങ്കുവയ്ക്കേണ്ട ഭാവിഭാഗധേയത്തെക്കുറിച്ചുമുള്ള നമ്മുടെ അവബോധം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈ അടിസ്ഥാനഅവബോധമുണർത്തി, അതിനനുസൃതമായ പുതിയ ജീവിതകാഴ്ചപ്പാടുകൾക്കും മനോഭാവങ്ങൾക്കും ജീവിതശൈലിക്കും രൂപംകൊടുക്കാൻ മനുഷ്യനു കഴിയും. സാംസ്കാരികവും ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായ ഒരു മഹത്തായ വെല്ലുവിളിയാണ് നമുക്കു മുമ്പിലുള്ളത്. നവീകരണത്തിന്റെ ഒരു ദീർഘപാത വെട്ടിയൊരുക്കുവാൻ അതു നമ്മോടാവശ്യപ്പെടുന്നു" (202-ാം ഖണ്ഡിക).

മനഃസ്ഥിതി മാറ്റത്തോടൊപ്പമേ വ്യവസ്ഥിതി മാറൂ എന്നും പരസ്പരബന്ധുത്വഭാവമാണ് പുതിയ ലോകത്തിന്റെ അടിത്തറ എന്നുമൊക്കെ എത്ര വിശദമായാണ് പങ്കജാക്ഷൻസാർ എഴുതുകയും പറയുകയും ചെയ്തിട്ടുള്ളത് എന്നോർക്കുക.

ലോകത്തിന്റെ ഇന്നത്തെ ഗതി കണ്ടാൽ ഒരിക്കലും ഒരു മാറ്റവും ഉണ്ടാവില്ല എന്ന തരത്തിൽ ഒരു നിരാശത സാമാന്യക്കാരെയെല്ലാം ബാധിക്കുകയും നിഷ്ക്രിയരാകാനുള്ള പ്രവണതയ്ക്ക് അവർ അടിമകളായിത്തീരുകയും ചെയ്യും. അതിനെതിരെ മനുഷ്യകുലത്തിനു പ്രത്യാശ നൽകിക്കൊണ്ട് ഫ്രാൻസീസ് മാർപ്പാപ്പാ ഇങ്ങനെ പറയുന്നു: "മാറ്റം സാധ്യമാണ്. സ്രഷ്ടാവ് നമ്മെ കൈവിട്ടിട്ടില്ല; അവിടുന്നൊരിക്കലും തന്റെ സ്നേഹപദ്ധതി വേണ്ടെന്നുവയ്ക്കുകയോ മനുഷ്യനെ സൃഷ്ടിച്ചതിൽ പരിതപിക്കുകയോ ഇല്ല. കൂട്ടായ പ്രവർത്തനത്തിലൂടെ തങ്ങളുടെ പൊതുഭവനം സംരക്ഷിച്ചുനിലനിർത്താനുള്ള മനുഷ്യരാശിയുടെ ശേഷി ഇന്നും നിലനിൽക്കുന്നു" (13-ാം ഖണ്ഡികയിൽനിന്ന്).

പങ്കജാക്ഷൻസാറിന്റെ അവസാനത്തെ പുസ്തകമായ 'ഭാവിലോക'ത്തിലെ അവസാനവാക്യങ്ങളും ഇതേ പ്രത്യാശയാണ് മനുഷ്യകുലത്തിനു നൽകുന്നത്. അദ്ദേഹമതിൽ എഴുതി: "ലക്ഷ്യം മനസ്സിൽ തെളിയട്ടെ. വഴി പിന്നാലെ തുറന്നുവരും. 'മറ്റൊരു ലോകം സാധ്യമാണ്.' അതു സാധിക്കാനാണ് നാം ഓരോരുത്തരും ഉള്ളത് എന്നു സ്വയം ഉറപ്പാക്കുക."

പരസ്പരം അറിയാത്ത രണ്ടു മഹാരഥന്മാർ തങ്ങളുടെ സ്വതന്ത്രമായ അന്വേഷണത്തിലൂടെ ഒരേ സത്യം കണ്ടെത്തുമ്പോൾ, ഒരേ പരിഹാരം മുന്നോട്ടുവയ്ക്കുമ്പോൾ, ആ നിരീക്ഷണത്തിനുമേൽ കാലത്തിന്റെ കൈയ്യൊപ്പുണ്ട് എന്നു നമുക്ക് ഉറപ്പിക്കാം.

**ജോർജ്ജ് മൂലേച്ചാലിൽ/9497088904**

*ലേഖകന്റെ പുതിയ പുസ്തകം "നവ കൊളോണിയലിസത്തിന്റെ നാൽക്കവലയിൽ" സി.രാധാകൃഷ്ണന്റെ ആമുഖത്തോടെ ഇപ്പോൾ 60 രൂപയ്ക്ക് ലഭിക്കുന്നു.*

# ആദരാഞ്ജലികൾ

## ദേവദത്ത് ജി. പുറക്കാട്

ദർശനത്തിന്റെ പരസ്പരാനന്ദ യാത്ര കന്യാകുമാരി വിവേകാനന്ദ പാറയിൽ എത്തിയപ്പോൾ അന്ന് മാനുഷികധ്യാനം കഴിഞ്ഞ് ദത്തൻസാറിന്റെ പ്രസംഗം ഉണ്ടായിരുന്നു. "ദർശനം സുഹൃത്തുക്കളെ കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ദർശനം കുടക്കീഴിൽ ഇവിടെ ഒരുമിച്ച് കൂടിയ നമ്മൾ എത്രഭാഗ്യവാന്മാരാണ്. മൈത്രീഭാവനയിലൂടെ എല്ലാവർക്കും പരസ്പരാനന്ദം. ഒരു കാര്യം ഓർത്തുകൊള്ളുക നിങ്ങളാരെങ്കിലും എന്തെങ്കിലും ആവശ്യത്തിനായി അമ്പലപ്പുഴയിൽ വന്നാൽ അവിടെ കച്ചേരിമുക്കിൽ ഗംഗ എന്നൊരുവീടുണ്ട്. അത് നിങ്ങളുടേയും വീടാണ്, എപ്പോഴും സ്വാഗതം. എത്രപേർക്ക് ഇത് പറയാൻ കഴിയും. ഈ ചിന്താധാരയ്ക്ക് മരണമില്ല. മരിക്കാത്ത ആ ഓർമ്മകൾക്കു മുന്നിൽ ആദരാഞ്ജലികൾ.

## ആ ശംഖനാദം നിലച്ചു

ജീവിതത്തിലുടനീളം പങ്കജാക്ഷക്കുറുപ്പുസാറിന്റെ ദർശനത്തിന്റെ വഴിയെ സഞ്ചരിക്കുകയും, അയൽക്കൂട്ടിന്റെയും, തറക്കൂട്ടത്തിന്റെയും അടിത്തറ ഉറപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത ദേവദത്തൻ ഒരു സമരിയാക്കാരനായ രാഷ്ട്രീയക്കാരനായിരുന്നു. എന്നാൽ രാഷ്ട്രീയക്കാരന്റെ ഉടുപ്പിനുള്ളിൽ കറകലരാത്ത ഒരു മാനവികതയുടെയും, പാരമ്പര്യാധിഷ്ഠിതമായ സംസ്കൃതിയുടെയും ഹൃദയമാണ് തുടിച്ചിരുന്നതെന്ന് പറയേണ്ടിയിരിക്കുന്നു

കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ട് കാലം അമ്പലപ്പുഴയിലെ പൊതുജീവിതത്തിൽ നിറഞ്ഞു നിന്നിരുന്ന ദേവദത്ത് ജി. പുറക്കാട് സ്മരണയായി മാറിയ കാര്യം പറയാനും, അറിയിക്കുവാനും വളരെ പ്രയാസമുണ്ട്. എന്തെല്ലാം പ്രയാസങ്ങളെ അതിജീവിച്ചാലാണ് ജീവിതം നമുക്ക് മുന്നോട്ട് തുഴഞ്ഞു കൊണ്ട് പോകുവാൻ ആകുക എന്ന് ഒരു നിശ്ചയവുമില്ല. ആ അനിശ്ചിതത്വത്തിൽ ഈ നാടിന് പ്രിയങ്കരനായിരുന്ന ദത്തൻ തന്റെ ദൗത്യം പൂർത്തിയാക്കി യാത്രയായിരിക്കുന്നു. രാഷ്ട്രീയപ്രവർത്തനത്തിൽ മാത്രമല്ല സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൊക്കെ തന്നെ സംശുദ്ധവും,

സന്ദീപ്തവുമായ ഒരു അഭിജാത വ്യക്തിത്വം കൊണ്ട് സർവ്വാദര ണീയനായിരുന്ന ആ സ്നേഹസ്വരൂപൻ 2015 സെപ്റ്റംബർ 30-ാം തീയതിയാണ് വിടവാങ്ങിയത്. കർമ്മരംഗത്ത് ജ്വലിച്ച് നിന്നപ്പോൾ പെട്ടെന്നുണ്ടായ അസ്തമനംപോലെ! ഊർജസ്വലമായ നേതൃത്വം കൊടുത്ത് അമ്പലപ്പുഴയിൽ ഏതെല്ലാം മേഖലയിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നതെന്ന് തിട്ടപ്പെടുത്തുക ബുദ്ധിമുട്ടുള്ള കാര്യമാണ് പുറക്കാട് എസ്.വി.ഡി.യു.പി. സ്കൂളിൽ അധ്യാപകനായി ജോലി യിൽ പ്രവേശിച്ച ദേവദത്ത് ജോലി രാജി വെച്ച് കേരളാ പബ്ലി ക്സർവ്വീസ് കമ്മീഷനംഗം, പുറക്കാട് പഞ്ചായത്ത് പ്രസിഡന്റ്, കുഞ്ചൻനമ്പ്യാർ സ്മാരക സമിതി ചെയർമാൻ, ജില്ലാ കൗൺസി ലംഗം, സാക്ഷരതാ സമിതി അംഗം, നെഹ്റുട്രോഫി ജലോത്സവ സ്മരണിക എഡിറ്റർ, ഗാന്ധിസ്മാരക സേവാ കേന്ദ്രം ചെയർമാൻ തുടങ്ങി എത്രയെത്ര സ്ഥാനങ്ങൾ വഹിച്ചിരുന്നു. ആ കർമ്മ കാണ്ഡം തകഴി സ്മാരകത്തിന്റെ സെക്രട്ടറിയായി ചുമതല യേറ്റെടുത്ത് ആ മഹത് പ്രസ്ഥാനത്തെ കേരളത്തിന്റെ അഭിമാന മാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങളിൽ ജാഗരൂകനായിരിക്കെ യാണ് വിധി അദ്ദേഹത്തെ തട്ടിക്കൊണ്ട് പോയത്. ഒരിക്കലും തള രാത്ത ഒന്നും അസാദ്ധ്യമെന്ന് പറയാത്ത, എല്ലാം ശുഭാപ്തി വിശ്വാ സത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രകൃതമായിരുന്നു ദത്തന്റേത്. സൗമ്യവും, ശാന്തവും, കുലീനവുമായ ആ പ്രകൃതം എതിർ ചേരി യിലുള്ളവരുടെയും ഹൃദയം കീഴടക്കുന്നതായിരുന്നു. അതു കൊണ്ട് തന്നെ രാഷ്ട്രീയ ജീവിതത്തിൽ എല്ലാവരുടേയും സ്നേഹാ ദരവുകൾ ആർജ്ജിക്കാൻ കഴിഞ്ഞിരുന്നത് ആ മനസ്സിന്റെ നന്മയാണ് വെളിപ്പെടുത്തിയിരുന്നത്. പറയാൻ തുടങ്ങിയാൽ ഏറെയുണ്ട്. ഓർമ്മിക്കുവാനും. ആ ഓർമ്മകളിൽ ഈ നാടിന്റെ സാമൂഹ്യ-സാം സ്കാരിക-രാഷ്ട്രീയ ചരിത്രത്തിലെ ഒരു പൊൻമുത്തായി ആ വ്യക്തി സ്മരണകൾ പ്രകാശം പരത്തുക തന്നെ ചെയ്യും. കാൻഫെ ഡിന്റെ അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള ദത്തന് വിശ്രമമെന്താണെന്ന് അറിയാത്ത ഒരു ജീവിതമാണ് ഉണ്ടായിരുന്ന ത്. ശുഭ്രവസ്ത്രധാരിയായി നിറഞ്ഞ പുഞ്ചിരിയോടെ സൗഹൃദ ത്തിന്റെ മധുരം വിളമ്പി ജീവിതായോധനക്കളത്തിലെ പാർത്ഥനെ പോലെ പേര് അന്വർത്ഥമാക്കുന്ന ദേവദത്തം മുഴക്കി നടന്നു. ആ

ശംഖനാദം നിലച്ചു എങ്കിലും അതിന്റെ ഒലി കാലത്തിന്റെ കർണ്ണപുടങ്ങളിൽ തട്ടി പ്രതിദ്ധ്വനിക്കുന്നതു പോലെ അനുഭവപ്പെടുന്നു.

**ഡോ.അമ്പലപ്പുഴ ഗോപകുമാർ**

# കേണൽ സാരസാക്ഷന് ആദരാഞ്ജലികൾ

വീടിനടുത്ത് പുളിക്കകവലയിൽ ഒരു വിവാഹത്തിന് പങ്കെടുത്ത വേളയിൽ കാർഡിയാക്അറസ്റ്റ് ഉണ്ടായതിനെ തുടർന്നായിരുന്നു അന്ത്യം. അനായാസേന മരണം. എല്ലാ ബന്ധുക്കളും അടുത്തുണ്ടായിരുന്നു. ഗീതച്ചേച്ചിയെ എങ്ങിനെ അഭിമുഖീകരിക്കും എന്ന വിഷമത്തോടെയാണ് കാണാൻ ചെന്നത്. എന്നാൽ നേരത്തെ തന്നെ കേണൽ എല്ലാം മുൻകൂട്ടി കണ്ട് ചേച്ചിയെ പ്രാപ്തയാക്കിയിരുന്നു. വിവരങ്ങൾ ചേച്ചി എന്നോട് പറഞ്ഞു. എവിടെ അറ്റാച്ച്മെന്റുണ്ടോ അവിടെ ഡിറ്റാച്ച്മെന്റ് ഉണ്ടാവണമെന്നുള്ളത് പ്രകൃതി നിയമമാണെന്നും എന്റെ വേർപാടിൽ ദുഃഖിക്കാതെ നിന്റെ കടമകൾ നിർവ്വഹിച്ചു കൊള്ളണമെന്നും ചേട്ടൻ പഠിപ്പിച്ചിരുന്നു. ചേച്ചി അതുപോലെ തന്നെ അനുഷ്ഠിക്കുന്നു. ചേട്ടൻ കൂടെയുണ്ടെന്ന വിശ്വാസത്തോടെ. അച്ഛന്റെ പുതിയ ലോകം പുതിയ വഴിയുടെ ഇംഗ്ലീഷ് പരിഭാഷ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞ തവണ എന്നെ വിളിച്ചപ്പോൾ എന്റെ തിരക്കുകൾ ഒന്ന് കുറച്ചിട്ട് ദർശനം പ്രവർത്തനങ്ങൾക്ക് കുറച്ചു കൂടി സമയം കണ്ടെത്താമെന്ന് പറഞ്ഞു. ദർശനം കുറേക്കാലം ചേട്ടനായിരുന്നല്ലോ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നത്. അച്ഛനോടുള്ള ആദരവിനാൽ അച്ഛനെന്നെ വിളിക്കും പോലെ രാധനെന്നാണ് വിളിച്ചിരുന്നത്. പുളിക്കൽ കവലയിൽ ചേട്ടന്റെ വീട്ടിൽ വെച്ച് നടത്തിയ ദർശന ക്യാമ്പ് പാരസ്പര്യത്തിന്റെ ഒരു നിറകുടമായിരുന്നു. അച്ഛനും ദർശനത്തിനും ചേട്ടന്റെ ഹൃദയത്തിൽ കൊടുത്തിരുന്ന സ്ഥാനം എത്ര വലുതായിരുന്നു എന്ന് വിശദീകരിക്കുവാൻ എനിക്കാവില്ല. അതിന് ചേട്ടന്റെ കത്ത് അടുത്ത ലക്കത്തിൽ വായിക്കാം. എല്ലാ ദർശനം വായനക്കാരുടേയും ആദരാഞ്ജലികൾ ചേട്ടന് അർപ്പിക്കുന്നു.

# ഉത്തരാഖണ്ഡ് ദർശനം - 11

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

ഉത്തരകാശിയിൽ നിന്നുള്ള ചതുർധാമയാത്ര ഏറെ ശ്രദ്ധേയമായ ഒന്നാണ്. പ്രകൃതി രമണീയമാണ് ഈ വഴി. ആദ്ധ്യാത്മികമായ അന്തരീക്ഷവും നമ്മെ ഉത്തേജിപ്പിക്കുന്നു. ഞങ്ങൾ അതിരാവിലെ യാത്രക്കൊരുങ്ങുമ്പോൾ തന്നെ ചൊരിഞ്ഞുകുത്തി പെയ്യുന്ന മഴ തുടങ്ങിയിരുന്നു. ഏതാനും ദിവസങ്ങളായി കാലാവസ്ഥയിൽ ഒരു മാറ്റം ദൃശ്യമായിരുന്നു. രാവിലെ ചൂടുവെള്ളത്തിലുള്ള കുളി കഴിഞ്ഞപ്പോൾ തണുപ്പ് അല്പം വിട്ടകലുകയും ശരീരത്തിന് ചെറിയ സൗഖ്യം തോന്നുകയും ചെയ്തു. കൂടെ യാത്രാസംഘം ഒരുക്കിയിരിക്കുന്ന ചൂടുകാപ്പി ചെറിയ ഉന്മേഷം പകരുകയും ചെയ്തു. ബസ്സിനു മുകളിൽ സൂക്ഷിച്ചിരുന്ന ലഗ്ഗേജുകളിൽ മഴവെള്ളം വീഴാതിരിക്കാനായി പടുതാ വലിച്ചു കെട്ടി.

വഴിയിൽ മഴയുടെ കാഠിന്യം ഏറിയും, കുറഞ്ഞും അനുഭവപ്പെട്ടു. പുലരുന്തോറും വന്ന വെളിച്ചവും, യാത്രയുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. വണ്ടിയുടെ ഹെഡ്‌ലൈറ്റിൽ കാണുന്ന പ്രദേശങ്ങൾ മഴയുടെ ശക്തി സ്വരൂപം ഞങ്ങളെ അറിയിച്ചു കൊണ്ടിരുന്നു. പരിമിതമായ വേഗത മാത്രമെ പരിചയക്കാരായ ഡ്രൈവർമാർക്കു പോലും സ്വീകരിക്കാനാവുമായിരുന്നുള്ളൂ. സ്പീഡ് കുറച്ച് അപകടങ്ങൾ ഒഴിവാക്കാൻ അറിയുന്നവർ തന്നെയായിരുന്നു ഡൽഹിയിൽ നിന്നു വന്ന ഞങ്ങളുടെ ഡ്രൈവർ. പരിചയം കൊണ്ടു മാത്രമാണ് ഇത്തരം ഘട്ടങ്ങൾ തരണം ചെയ്യാൻ അവർക്കു കഴിയുക.

മഞ്ഞുമലകളാണ് മുന്നിൽ. അതു പിളർന്നുള്ള വഴികളിലാണ് ബസ് പോകുന്നത്. ശക്തമായ ഹെഡ്‌ലൈറ്റ് പാതയെ തെളിച്ചുകൊണ്ടിരുന്നു. ധാരാളം ബസ്സുകൾ മുന്നിൽ പോവുന്നുണ്ട്. കുറഞ്ഞ സ്പീഡിൽ മാത്രമാണ് അവയുടെയും യാത്ര. ചിലയിടങ്ങളിൽ മല കുറഞ്ഞും പാത തെളിഞ്ഞും കാണാം. മലമ്പാതച്ചെരുവുകളിൽ വൃക്ഷങ്ങൾ സമൃദ്ധമായി വളർന്നു നിൽക്കുന്ന കാഴ്ചകൾ മനോഹരമാണ്. തെളിഞ്ഞു കൊണ്ടിരിക്കുന്ന പാതയിൽ മഞ്ഞിന്റെ മൂടുപടം തീർത്തും അവസാനിച്ചിട്ടില്ല. എങ്കിലും നനുത്ത

പ്രഭാതത്തിന്റെ തലോടൽ ഒരു സാന്ത്വന സ്പർശം പോലെ വന്നു കൊണ്ടിരുന്നു. തലയിലെ കമ്പളിത്തൊപ്പി തണുത്ത കാറ്റിനെ പ്രതിരോധിച്ചു കൊണ്ട് ചെവിക്ക് ഒരാവരണം പോലെ സംരക്ഷണമേകി. മുന്നിലേയും, പിന്നിലേയും സീറ്റിലെ യാത്രക്കാരെല്ലാം കമ്പളിത്തൊപ്പി ധരിച്ചിട്ടുണ്ട് അതു മതിയാകാത്തവർ പുതപ്പുകൾ കൊണ്ട് ശരീരം മൂടിയിട്ടുമുണ്ട്. യാത്രയുടെ ഉലച്ചിലിൽ വീഴാതിരിക്കാൻ സീറ്റുകമ്പികളിൽ ബലമായി തന്നെ പിടിച്ചിരുന്നു. പ്രഭാതത്തെ സ്വാഗതം ചെയ്തു കൊണ്ട് കിളികൾ പ്രഭാത ഗീതങ്ങൾ ആലപിച്ചു. നിരനിരയായി നിൽക്കുന്ന വൃക്ഷലതാദികളെ കാണാൻ ഇപ്പോൾ കഴിയും. അവയ്ക്ക് മഞ്ഞോ, തണുപ്പോ ഒന്നും തന്നെ ഒരു പ്രശ്നമല്ല. അവ ഉറച്ച മനസ്സോടെ അവിടെ മഞ്ഞു പുതച്ചു നിൽക്കുന്നു.

സൃഷ്ടിയുടെ അപാരസുന്ദരമായ കാഴ്ചകൾ നൈസർഗ്ഗികമായ അവയുടെ വളർച്ചയും വികാസവും വിശ്വകവിയായ കാളിദാസനെ എത്രയധികമാണ് സ്വാധീനിച്ചിട്ടുള്ളതെന്ന് മേഘസന്ദേശത്തിലൂടെ നാം നേരത്തെ തന്നെ മനസ്സിലാക്കിയിട്ടുണ്ട്. ദേവദാരു മരങ്ങളാണ് ഈ വഴികളിൽ അധികവും. ഈ മരങ്ങളിൽ ദേവതകൾ അധിവസിക്കുന്നു എന്നാണ് വിശ്വാസം. മരങ്ങളുടെ ചില്ലികളിൽ ചേക്കേറിയിരിക്കുന്ന കിളികളുടെ ഉണർത്തു പാട്ടുകൾ നേരം പ്രഭാതമായെന്ന് നമ്മെ അറിയിക്കുന്നു. ആ കളകൂജനം കേൾക്കുമ്പോൾ മനസ്സിന്റെ അഗാധതലങ്ങളിൽ നാം ഒളിപ്പിച്ചു വച്ചിരിക്കുന്ന സാന്ദ്ര സംഗീതം നാം അറിയാതെ നമ്മെ സ്വാധീനിക്കുന്നു. ചിലപ്പോൾ ഒരു പടുപാട്ടുപോലെ നാം അതേറ്റുപിടിക്കുന്നു. എത്ര സുഖദമാണ് ഈ യാത്ര. അല്ലെങ്കിൽ തന്നെ പ്രകൃതിയോടൊത്തു ചേർന്നുള്ള ഈ യാത്ര എന്നും നമുക്ക് പ്രചോദനം തരുന്നു. കാടിന്റെ വശ്യശക്തിയാണോ, നീട്ടിപ്പാടുന്ന പക്ഷികളുടെ കൂജനമാണോ കൂടുതൽ നാം ഇഷ്ടപ്പെടുന്നത് എന്ന് ചോദിച്ചാൽ ഏതാണെന്നു തീർത്തു പറയാനാവില്ല. എല്ലാമാണ് എന്നു വിചാരിക്കാനേ കഴിയൂ. വനഭംഗികൾ ആസ്വദിക്കാനാണല്ലോ സഞ്ചാരികൾ കൂടുന്നത്. സഞ്ചാരികൾ മാത്രമല്ല സന്യാസിമാരും ഈ തപോവനങ്ങളിൽ വന്നു കൂടുന്നു.

വാത്മീകിയും, വ്യാസനും, ഭാസനും, ഭർതൃഹരിയും ഉൾപ്പെടെയുള്ള അറിഞ്ഞും, അറിയാതെയുമുള്ള കവികുല വരദന്മാരും ഈ പുണ്യഭൂമിയെ എന്നും ആദരിച്ചവരാണ്. കാശിയിൽ

നിന്നും മുന്നോട്ട് പോകുമ്പോൾ എത്രയെത്ര വിശ്രുതഭൂമികളെയാണ് നാം തരണം ചെയ്യുന്നത്. കാശി പോലെ രുദ്രകാശിയും, ഗുപ്ത കാശിയുമെല്ലാം ഈ വഴികളിൽ തന്നെയാണ്. വരുംപോലെ നമുക്കവയേയും കാണാം.

# കൊച്ചുവർത്തമാനങ്ങൾ

## അമ്മയെ കാണാൻ

രാവിലെ വീട്ടുപണികൾ ഉള്ളതിനാൽ സാധാരണ നടക്കാൻ പോകാറില്ല. പണിയെടുക്കുന്നതാണ് നടപ്പിനേക്കാൾ ഉത്തമം. ദർശനം കാര്യങ്ങൾ ചർച്ച ചെയ്യാനുള്ളപ്പോൾ ഗോപാലകൃഷ്ണൻ സാറിനോടൊപ്പം നടക്കാൻ പോകും. അങ്ങിനെ ഒരു ദിവസം മെഡിക്കൽ കോളേജ് കാമ്പസിലെത്തി. സാർ ഇവിടെ അധ്യാപകനായിരുന്നു. പ്രവേശന കവാടം കടന്ന് വടക്കോട്ടുള്ള റോഡിലൂടെ നടന്നു അവധി ദിവസം ആയിരുന്നതിനാൽ തിരക്കില്ല. നമ്മുടെ ഡോ. ശിവസുതൻ സാർ ഇവിടെ അധ്യാപകനായിരുന്നപ്പോൾ നട്ടുവളർത്തിയ ഗൗരീഗാത്രതൈങ്ങ് കുലച്ചു നിൽക്കുന്നത് ഗോപാലകൃഷ്ണൻ സാർ കാണിച്ചു തന്നു. വെടിപ്പായ റോഡുകൾ, തണൽ മരങ്ങൾ, ശാന്ത സുന്ദരമായ അന്തരീക്ഷം. വടക്കേ അറ്റത്താണ് മെൻസ് ഹോസ്റ്റൽ. സാർ ഇവിടെ വളരെക്കാലം വാർഡനായിരുന്നു. ഞങ്ങൾ ഹോസ്റ്റലിന് ഒരു പ്രദക്ഷിണം വെച്ചു. അതോടൊപ്പം ഇവിടെ വിദ്യാർത്ഥിയായിരുന്ന അരുണിന്റെ അനുഭവവും സാർ വിവരിച്ചു കൊണ്ടിരുന്നു. ഞങ്ങൾ വന്ന വഴിയെ തന്നെ കോളേജിന്റെ തെക്കേ അറ്റത്തേക്ക് നടന്നു. ക്ലാസ്സ് മുറികളും, ലൈബ്രറിയും കടന്ന് ഫാർമസി കോളേജും, കാന്റീനും കഴിഞ്ഞ് ലേഡീസ് ഹോസ്റ്റൽ വരെ പോയി. സാറിന്റെ മകൾ ഡോ. ജിത ഈ കോളേജിൽ അധ്യാപികയും, അസിസ്റ്റന്റ് വാർഡനുമാണ്. എല്ലാം കണ്ട് ഞങ്ങൾ തിരിച്ച് നടന്ന് ഒരു പൂന്തോട്ടത്തിനരികിൽ ഇരുന്നു. സാർ വിവരിച്ചു കൊണ്ടിരുന്ന അനുഭവം ഈ പൂന്തോട്ടത്തിൽ അവസാനിക്കുന്നു. 15 വർഷങ്ങൾക്ക് മുമ്പ് ഉണ്ടായ സംഭവമാണെങ്കിലും അത് കേട്ടപ്പോഴുണ്ടായ വിഷമം കൊണ്ട് ഇവിടെ ഒന്ന് കുറിച്ചോട്ടെ. ഇത് വെറുമൊരു പൂന്തോട്ടമല്ല. കണ്ണീര് കൊണ്ടാണ് ഇത് നിർമ്മിച്ചത്. ഡോ. അരുണിന് അവരുടെ കൂട്ടുകാർ നൽകിയ അന്ത്യോപഹാരമാണിത്.

കുട്ടികളുടെ സഹജഭാവം നിഷ്കളങ്കതയാണ്. അവരോട് കള്ളം പറയരുത് എന്ന് പറയേണ്ട കാര്യമില്ല. കള്ളം പറയാൻ പഠിപ്പിക്കുന്നത് നമ്മളാണ്. നിഷ്കളങ്കരായി വളർന്നു വരുന്ന കുട്ടികൾക്ക് സ്നേഹവും സംസ്കാരവും കൂടി പകർന്നു കൊടുത്താൽ ഉത്തമ പൗരന്മാരായി വളർന്നു വരും. അങ്ങിനെ തമിഴ്നാട്ടിലെ ഒരു വീട്ടിൽ നിന്നും ആൾ ഇൻഡ്യാ മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതി ഇവിടെ അഡ്മിഷൻ കിട്ടിയ അരുൺ ഹോസ്റ്റലിൽ വന്ന് താമസമാക്കി. പക്ഷേ ഒരു പ്രശ്നം അവനെ വല്ലാതെ അലട്ടി. അമ്മയെ കാണാതെ ഇവിടെ നിൽക്കാനാകുന്നില്ല. കാര്യം നിസ്സാരമെന്ന് തോന്നുമെങ്കിലും അരുൺ കരച്ചിലോട്, കരച്ചിൽ തന്നെ. പഠനം നിർത്താൻ തന്നെ അവൻ തീരുമാനിച്ചു. അടുത്ത വർഷം വീണ്ടും എഴുതി വീടിനടുത്ത മെഡിക്കൽ കോളേജിൽ പഠിക്കാമെന്ന് പരിപാടിയിട്ടു. അപ്പോൾ വീട്ടിൽ നിന്നും പോയി വരാമല്ലോ. വിവരമറിഞ്ഞ് സാറും, മറ്റ് അധ്യാപകരും ചേർന്ന് ഒരു കൗൺസിലിംഗിന് അവനെ വിധേയമാക്കി. ഒരു വർഷം വെറുതെ കളയരുത്, അമ്മയ്ക്കും അത് വിഷമമാകും. ഇടയ്ക്ക് വീട്ടിൽ പൊയ്ക്കൊള്ളൂ എന്ന് പറഞ്ഞ് സമാധിനിപ്പിച്ച് പഠിപ്പ് തുടർന്നു.

വീട്ടിലെ അന്തരീക്ഷമല്ലല്ലോ ഒരു ഹോസ്റ്റലിലെ അന്തരീക്ഷം. അവിടെ പല തരക്കാരുണ്ട്, പുകവലിക്കാരുണ്ട്, റാഗിംഗ്, സിനിമ, അൽപം മദ്യവുമൊക്കെ കാണും. കുട്ടികളുടെ നൈസർഗ്ഗികത ചോർന്നൊലിക്കുന്ന സ്ഥലം. എങ്കിലും അമ്മയുടെ ഈ പൊന്നോമന പുത്രൻ നന്നായി പഠിച്ചു. വർഷങ്ങൾ കടന്നു പോയി. പ്രശാന്തായിരുന്നു അവന്റെ കൂട്ടുകാരൻ. എഞ്ചിനീയറിംഗ് പഠിക്കാനാണ് അവൻ ആഗ്രഹിച്ചതെങ്കിലും വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങിയാണ് മെഡിസിന് പഠിക്കാൻ വന്നത്. അതിനാൽ ഒന്ന് ഉഴപ്പി. വല്ലപ്പോഴും ഒന്ന് കുടിച്ചു. അരുണിനേയും അത് ശീലിപ്പിച്ചു. ആടിയും, പാടിയും നടന്നു. പഠിത്തവും ശ്രദ്ധിച്ചു. ഒരു അവധിക്കാലത്ത് പ്രഭാത സവാരിക്കിടയിൽ ഹോസ്റ്റലിലെ പൊതുവായ ഒരു മുറിയിൽ ലൈറ്റും, ഫാനും കണ്ട് സാർ അങ്ങോട്ട് കയറിച്ചെന്നു. ആ മുറിയിലെ കാഴ്ച സാറിനെ അമ്പരിപ്പിച്ചു. അരുൺ ബോധം കെട്ടുള്ള ഉറക്കമാണ്. അടുത്ത് മദ്യകുപ്പികൾ. സാർ ഒരു വസ്ത്രമെടുത്ത് ദേഹത്തിട്ടു കൊടുത്തു. ലൈറ്റ് ഓഫ് ചെയ്ത് പോന്നു. പിന്നീട്

അവനെ വിളിപ്പിച്ച് വേണ്ട ഉപദേശങ്ങൾ നൽകി. തലേ ദിവസം ഒരു പാർട്ടി ഉണ്ടായിരുന്നതു കൊണ്ട് പറ്റിപ്പോയതാണെന്ന് പറഞ്ഞ് അരുൺ ക്ഷമ ചോദിച്ചു. നല്ല കുട്ടി. അവനിപ്പോൾ ഹൗസ് സർജൻസിയാണ്, മദ്യത്തിന് അടിമയാകുന്നോ? സാർ ഭയത്തോടെ ഓർത്തു. ഒരു ഡോക്ടർ സമൂഹത്തിന് എത്ര ഉപകാരമാണ് ചെയ്യുന്നത്, എത്ര പേരുടെ കണ്ണീരൊപ്പാം, കടമകൾ മറക്കരുത്. ഉപദേശങ്ങൾ എല്ലാം കേട്ടെങ്കിലും അരുണിന്റെ കാര്യത്തിൽ വിധി മറ്റൊന്നായിരുന്നു. പ്രകൃതി അതിന്റെ അലംഘനീയമായ വിധി നടപ്പാക്കി. ഒരു ദിവസം പാതിരാ കഴിഞ്ഞ് മദ്യവും കഴിച്ച് ആലപ്പുഴയിൽ നിന്നും ബൈക്കിൽ പ്രശാന്തുമായി ഹോസ്റ്റലിലേയ്ക്ക് വരുന്ന വഴി ഒരു ടാങ്കർ ലോറിയുമായി കൂട്ടിയിടിച്ച് ഇരുവരും മരിച്ചു പോയി. ഇതാ ഇവിടെ അമ്മയുടെ പൊന്നോമനകൾക്ക് കൂട്ടുകാർ തീർത്ത സ്മാരകമായ പൂന്തോട്ടം. കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടാതെ പ്രാർത്ഥനയോടെ ഇരുന്നു.

ഈ കുട്ടികൾക്കൊക്കെ ഇത് എന്തു പറ്റി. സ്വഭാവ ശുദ്ധിക്ക് ഉതകാത്ത വിദ്യഭ്യാസം. കുട്ടികൾക്ക് സന്തോഷിക്കണം, അതിനുള്ള ശരിയായ വഴികൾ അറിഞ്ഞിരിക്കണം, അല്ലെങ്കിൽ തെറ്റായ വഴിയേ സഞ്ചരിക്കും. ആദ്യമായി താൻ ആരാണ്, എന്താണ് ജീവിത ലക്ഷ്യം എന്നൊരു ബോധം വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകണം. രണ്ടാമതായി ആനന്ദത്തിന്റെ ഉറവിടം എവിടെയാണെന്ന് അറിഞ്ഞിരിക്കണം. ഹോമിയോകോളേജിൽ പഠിക്കുന്ന കാലം ആനന്ദത്തിന്റെ ഇത്തരം കൃത്രിമ വഴികളിലൂടെ ചില കുട്ടികൾ നടക്കുന്നത് കണ്ടിട്ടുണ്ട്. അവർ എന്നെ ക്ഷണിച്ചിട്ടുമുണ്ട്. എന്നാൽ അതിലേ എനിക്ക് നടക്കേണ്ടി വന്നിട്ടില്ല. അതിരുകൾ വേണ്ടാത്ത പങ്കജാക്ഷക്കുറുപ്പിന്റെ വേലിക്കെട്ടുകൾക്ക് അവിടം വരെ നീളമുണ്ടായിരുന്നു.

എല്ലാവർക്കും, എല്ലായ്പ്പോഴും സന്തോഷമായിരിക്കുവാനുള്ള വക ഈ ഭൂമിയിലുണ്ട്. അത് നാം കണ്ടെത്തണം. വിദ്യാർത്ഥികൾക്ക് നന്നായി പഠിക്കുന്നതു കൊണ്ടു തന്നെ സംതൃപ്തി ലഭിക്കുന്നതാണ്. കൂട്ടുകാരുമായുള്ള സ്നേഹം, കളികൾ, കലകൾ എല്ലാം എത്ര സന്തോഷപ്രദം, പിന്നെ എന്തിനാണ് ഇത്തരം അഴുക്കു ചാലുകളിൽ എടുത്തു ചാടുന്നത്. ഒരു മനുഷ്യന് ആനന്ദം കിട്ടുന്നത് അവന്റ മനസാക്ഷിയോട് ചേർന്ന് നിൽക്കുമ്പോഴാണ്, അകലുമ്പോൾ ദുഃഖ

വും. ചികിത്സാരംഗത്തുള്ളവർക്ക് ആനന്ദത്തിന്റെ ഒരു ഖനി തന്നെ തുറന്ന് കിടക്കുന്നു. മറ്റുള്ളർക്ക് ആശ്വാസം പകരുമ്പോഴാണ് സംതൃപ്തി ലഭിക്കുന്നത്. ബാഹ്യ വസ്തുക്കളിലല്ല ആനന്ദം. എങ്കിൽ കോടീശ്വരന്മാർ ഭൂമിയിൽ ഒരു പാടുണ്ട് അവർ മാനം മുട്ടെ തുള്ളി ച്ചാടിയേനെ. അവരും ദുഖിതരാണ്. ആനന്ദം സ്വന്തം മനസ്സിലാണ്. കടമകൾ നിറവേറ്റുമ്പോൾ, തന്റെ സഹജീവികളെ സ്നേഹിക്കു മ്പോൾ മനസ്സാക്ഷി ഉള്ളിലിരുന്ന് "ബലേഭേഷ്" എന്ന് പറയുമ്പോൾ കിട്ടുന്ന സംതൃപ്തി പുറത്ത് വാങ്ങാൻ കിട്ടുകയില്ല. ലോകം മുഴു വൻ നിങ്ങളെ നിന്ദിച്ചാലും മനസാക്ഷി കൂടെയുണ്ടെങ്കിൽ നിങ്ങൾ ആനന്ദത്തിന്റെ സാമ്രാജ്യത്തിലെ ചക്രവർത്തിയാണ്. അതാണ് മഹാ ത്മജി പറഞ്ഞത് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ ചക്രവാള ത്തിൽ പോലും പ്രകാശത്തിന്റെ കിരണങ്ങൾ കാണാതെ അന്ധ കാരം ചുറ്റും വ്യാപിച്ചപ്പോൾ ഞാൻ എന്റെ മനസാക്ഷിയോടൊപ്പം ആനന്ദത്താൽ സംതൃപ്തനായിരുന്നു. ചക്രവർത്തി പദം ഉപേക്ഷിച്ച് കാട്ടിൽ പോയി മനുഷ്യ ദുഃഖത്തിന്റെ കാരണം അന്വേഷിച്ച് പരി ഹാരം കണ്ടെത്തിയ ഗൗതമ ബുദ്ധൻ തന്റെ ഉള്ള് തൊട്ടറിഞ്ഞ പ്പോൾ പറയുന്നു എനിക്കിത് താങ്ങാനാകുന്നില്ല. എന്റെ ഉള്ളിൽ അലയടിച്ചു വരുന്ന ആനന്ദത്തിന്റെ തിരമാലകളെ ഞാൻ എങ്ങിനെ ഒതുക്കി വെയ്ക്കും. കോളേജിൽ പഠിക്കാൻ വരുന്നവരൊക്കെ പോയി തപസ്സു ചെയ്യൂ എന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. മഹാത്മാക്കളുടെ ഉള്ളിൽ പ്രകാശിച്ചു കൊണ്ടിരുന്ന ദീപം നമ്മു ടെ ഉള്ളിലും ജ്വലിച്ചു നിൽക്കുന്നു. അത് പ്രകാശിപ്പിക്കുവാൻ സ്നേഹം നിറയ്ക്കൂ. നല്ലത് പഠിക്കൂ, നല്ലത് പറയൂ, നല്ലത് മാത്രം ചെയ്യൂ. കാലാവസ്ഥ ഇപ്പോൾ അത്ര അനുകൂലമല്ല. എങ്കിലും മനോ വിളക്ക് കെടാതിരിക്കട്ടെ. ജീവിതയാത്രയെ അത് പ്രഭാപൂരിതമാ ക്കും. മറക്കരുത് നമുക്ക് നമ്മുടെ കർമ്മങ്ങൾ ചെയ്യേണ്ടതായിട്ടു ണ്ട്. അതിനിടയിൽ സന്തോഷം തേടി വഴി തെറ്റി അമ്മൂമ്മ കമ്മൽ നോക്കിയത് പോലെ നോക്കരുത്. ഒരു അമ്മൂമ്മയുടെ കമ്മൽ കാണാതെ മുറ്റത്തെല്ലാം തപ്പി നടക്കുകയാണ്. ഇത് കണ്ട് അയൽക്കാരും കമ്മൽ തപ്പാൻ തുടങ്ങി. കമ്മൽ കിട്ടിയില്ല, അവ സാനം ഒരാൾ ചോദിച്ചു. ഏത് ഭാഗത്തായിട്ടാണ് കമ്മൽ പോയത്, അത് ഇവിടെയല്ല തട്ടിൻപുറത്താണ് പോയത്. അയ്യോ പിന്നെ എന്തി നാണ് ഇവിടെ തപ്പുന്നത്, അല്ല പുരയ്ക്കകത്ത് വെട്ടമില്ല

ഇവിടെയാകുമ്പോൾ നല്ല വെട്ടമുണ്ടല്ലോ തപ്പാം. യഥാർത്ഥ ആനന്ദം സ്വന്തം മനസ്സിൽ മാത്രമാണെന്നറിയാതെ ഈ അമ്മൂമ്മയെപ്പോലെ ജനം എവിടെയൊക്കെയോ അലയുന്നു. അതിന്റെ ഫലമായി സമസ്ത ലോകത്തിന്റെയും മുഖ്യ ഭാവം ദുഃഖമാകുന്നു.

ഗോപാലകൃഷ്ണൻ സാറുമായി ഇങ്ങനെ ഓരോന്ന് പറഞ്ഞിരുന്നു. കുട്ടികളായാൽ പഠനത്തിനിടയിൽ കുറെയൊക്കെ തുള്ളിച്ചാടി നടക്കാം, പക്ഷേ ഒരിക്കലും അതിർത്തി ലംഘിക്കരുത്. നമ്മുടെ സംസ്കാരവും, ആചാരമര്യാദകളും തീർത്ത ലക്ഷ്മണരേഖ ഭേദിച്ച് താത്കാലിക സുഖങ്ങൾക്ക് പിന്നാലെ ജനം നെട്ടോട്ടമോടുന്നു. വിദ്യാഭ്യാസ കാലം പഠനത്തിനും, വിനോദത്തിനും മാത്രമല്ല നമ്മുടെ സംസ്കാരവും വളർത്തിയെടുക്കേണ്ട കാലഘട്ടമാണ്. മദ്യത്തിനും, ലഹരിമരുന്നുകൾക്കുമെതിരെ ഗർജ്ജിക്കേണ്ട കാലം. ആൺകുട്ടികളും, പെൺകുട്ടികളും സുരക്ഷിതമായ അതിർത്തിക്കുള്ളിൽ നിന്ന് സന്തോഷമായി പഠിക്കേണ്ട കാലം. രാഷ്ട്രീയത്തിൽ ഇറങ്ങിക്കൂടാത്ത കാലം (അത് പഠിത്തം കഴിഞ്ഞാവട്ടെ). മാതാപിതാക്കളുടെ നിയന്ത്രണത്തിലായിരിക്കേണ്ട കാലം. പഠിച്ച് എത്ര വലിയ സ്ഥാനത്തെത്തിയാലും, എത്ര ശമ്പളം പറ്റിയാലും, ആഡംബര ജീവിതം നയിച്ചാലും, ഈ സമൂഹത്തെ മറന്നാൽ അവർക്കു വേണ്ട സേവനം ചെയ്യാതിരുന്നാൽ ഈ ഭൂമിയിൽ സന്തോഷമായി ജീവിക്കാൻ ആർക്കും സാധ്യമല്ല. പ്രകൃതി അതിന് അനുവദിക്കുകയില്ല. കാലസർപ്പത്തോട് കളിക്കരുത്. ശിക്ഷിക്കപ്പെടും ഇത് വെള്ളരിക്കാ പട്ടണമല്ല. ഇതും കൂടി ഓർത്തു കൊള്ളുക, ഈ ലോകം മുഴുവൻ ഈശ്വരചൈതന്യം തുടിച്ചു നിൽക്കുന്നു എന്ന് ഋഷി പറഞ്ഞത് വിശ്വാസമില്ലെങ്കിൽ വേണ്ട, നാസയിലെ ശാസ്ത്രജ്ഞർ പറഞ്ഞതെങ്കിലും ഓർക്കുക. ഈ പ്രപഞ്ചം നിർജ്ജീവമല്ല, ഇത് സ്വബോധമുള്ള പ്രപഞ്ചമാണ്. Self aware Universe. ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ ഒരു സുപ്പീരിയർ കോൺഷ്യസ്നെസ്സ് ഇവിടെയുണ്ട്. അതു തന്നെ എല്ലാ മതങ്ങളും അവരവരുടെ രീതിയിൽ അവതരിപ്പിച്ച ദൈവം ഒരേ സത്യത്തെ പലരും പലരീതിയിൽ വ്യാഖ്യാനിക്കുന്നു. പരസ്പരാദരവോടെ എല്ലാം ഉൾക്കൊള്ളുക. ലോകം സുന്ദരമാകും. ജയ് ജഗത്.

# പൊതുവിവരങ്ങൾ

## 1. ദർശനം പങ്കജാക്ഷക്കുറുപ്പ് മെമ്മോറിയൽ അവാർഡ്

ഫോക്കസ് അമ്പലപ്പുഴ വർഷം തോറും ഏറ്റവും നല്ല സാമൂഹ്യപ്രവർത്തകന് അച്ഛന്റെ പേരിൽ അവാർഡ് നലകി വരുന്നു. ശ്രീ ദേവദത്ത് ജി. പുറക്കാടിനാണ് ഈ വർഷത്തെ അവാർഡ്. ആശുപത്രിയിൽ വെച്ചാണെങ്കിലും വിവരമറിഞ്ഞ് ചേട്ടനും സന്തോഷിച്ചു. നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കുഞ്ചൻനമ്പ്യാർ സ്മാരകത്തിൽ നടന്ന സമ്മേളനത്തിൽ ഡോ. അമ്പലപ്പുഴ ഗോപകുമാർ അദ്ധ്യക്ഷനായിരുന്നു. ശ്രീ. ജി. സുധാകരൻ എം.എൽ.എ. യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി യു. പ്രതിഭാഹരി കുടുംബാംഗങ്ങൾക്ക് അവാർഡ് നൽകി. ദത്തൻ സാറിന് ഇത് നന്നായി ചേരും. കാരണം ആരോടും പരിഭവമില്ലാത്ത ശത്രുക്കളില്ലാത്ത സ്നേഹസമ്പന്നനായ പൊതുപ്രവർത്തകനാണ് ദേവദത്ത് ജി. പുറക്കാട്. അവാർഡ് നൽകിയ ഫോക്കസിനും അതിന്റെ മുഖ്യ ശിൽപ്പി രാധാകൃഷ്ണൻ ചേട്ടനും ദർശനത്തിന്റെ അഭിനന്ദനങ്ങൾ.

## 2. പ്രതിമാസയോഗം - ഒക്ടോബർ

അംഗസംഖ്യ കുറവാണെങ്കിലും മുടങ്ങുന്നില്ല. ഇന്ന് ഡോ. കെ.ജി. പത്മകുമാറിന്റെ വീട്ടിൽ രണ്ടാം നിലയിൽ ഞങ്ങൾ 8 പേർ യോഗം ചേർന്നു. സ്മരണാഞ്ജലി ഒന്ന് അവലോകനം ചെയ്തു. എല്ലാം നന്നായി നടന്നു എന്നാണ് പൊതു അഭിപ്രായം. 150 പേരോളം പങ്കെടുത്തെങ്കിലും ഉച്ചയ്ക്കു ശേഷം തിരക്കുകളാൽ പലർക്കും പോകേണ്ടിവന്നു. എങ്കിലും തീരും വരെ ഒരുവിധം ആളുകളുണ്ടായിരുന്നു. രജിസ്ട്രേഷൻ കൗണ്ടർ വേണ്ടെന്ന് വെച്ചിരുന്നു. എങ്കിലും നോക്കൂ മടിശ്ശീല നിറയുന്നു. കൊള്ളാം നമുക്ക് അടുത്ത ലക്കം ഇറങ്ങണം, കലണ്ടർ അടിക്കണം, പുതുവർഷ പുലരിക്ക് ധ്യാനം എല്ലാം ആവും പോലെ നടക്കട്ടെ. നമ്മുടെ രക്ഷാമാർഗ്ഗം എന്ന മുഖലേഖനമാണ് വായിച്ച് ചർച്ച ചെയ്തത്. ഇതിലൂടെ ഓരോരുത്തരും സമുദായ ജീവിതത്തിൽ നിന്നും, സമൂഹജീവതത്തിലേയ്ക്ക് വരുവാൻ കുറുപ്പുസാർ ആഹ്വാനം ചെയ്യുന്നു.

മാനുഷിക ധ്യാനത്തോടെയാണ് യോഗം സമാപിച്ചത്. ഗിരിജച്ചേച്ചി എല്ലാവർക്കും നല്ല ഓട്ടട ഉണ്ടാക്കിത്തന്നു. പിന്നെ കപ്പലണ്ടിയും, പഴവും, ജാപ്പിയും. ഇ.എസ്.ഐ. ഹോസ്പിറ്റലിൽ ഇ.എൻ.റ്റി. സ്പെഷ്യലിസ്റ്റാണ് ഡോ. ഗിരിജാ പത്മൻ. ചേട്ടന്റെ അമ്മ കാളേകാട് ദേവകിച്ചേച്ചി കിടപ്പിലായിരുന്നു, പോയി കണ്ടു. നാലു ദിവസം കഴിഞ്ഞ് അന്തരിച്ചു. ദർശനം സുഹൃത്തുക്കളിൽ പലരും മരണാനന്തര ചടങ്ങിൽ പങ്കെടുത്തു. പത്മൻ ചേട്ടന്റെ അച്ഛൻ വിദ്വാൻ ഗോപാലപിള്ള സാർ അച്ഛനെ ടി.ടി.സി.ക്ക് പഠിപ്പിച്ചിട്ടുണ്ട്. ദർശനത്തിന്റെ ആദ്യകാല പ്രവർത്തകനും ആയിരുന്നു. കുടുംബാംഗങ്ങളെല്ലാം ഇപ്പോഴും ദർശനത്തെ ആദരപൂർവ്വം കാണുന്നു.

## 3. അഗസ്ത്യാർ കൂടം യാത്ര - 2016

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന തെക്കൻ കൈലാസം എന്നറിയപ്പെടുന്ന ഏഷ്യയിലെ ഒന്നാന്തരം ജൈവ വൈവിദ്ധ്യകേന്ദ്രമായ അഗസ്ത്യാർ കൂടത്തിലേക്കുള്ള അടുത്ത യാത്രാ കാലയളവ് 2016 മകരം 1 മുതൽ 2016-ലെ ശിവരാത്രി വരെയാണ്. യാത്രയ്ക്ക് താത്പര്യമുള്ളവർ ബന്ധപ്പെടുക.

നാച്ചറൽ വില്ലേജ് ട്രസ്റ്റ് (Reg. No. 426/2008) ബന്ധുത്വ സുന്ദര മന്ദിരം പഴവടി ഗ്രാമം, നെടുമങ്ങാട്.പി.ഒ., തിരുവനന്തപുരം - 695541. ഫോൺ :- 9446160918, 9633802195.

## 4. പുതുവർഷപ്പിറവി

ഡിസംബർ 31-ന് രാത്രി ധന്യയിൽ ആഗോളമാനുഷികധ്യാനം ഉണ്ടാകും. ഡിസംബർ 6 ഞായറാഴ്ച പുല്ലുമേട് വഴി ഒരു ഏകദിന ശബരിമല യാത്രയും, പരിഗണനയിലുണ്ട് താത്പര്യമുള്ളവർ അറിയിക്കുക.

## 5. തെരഞ്ഞെടുപ്പ്

ധർമ്മാധർമ്മങ്ങളുടെ തെരഞ്ഞെടുപ്പല്ലല്ലോ ഇവിടെ നടക്കുന്നത്. ഭൂരിപക്ഷത്തിന്റേതുമല്ല. ഈ ഭരണകൂടവ്യവസ്ഥകളും, തെരഞ്ഞടുപ്പും, ജാതികളും ഒക്കെ മടുക്കുന്ന ഭാവിയിലെ പരി

ഷ്കൃത സമൂഹം പാരസ്പര്യത്തിന്റെ പുതിയ ലോകത്തിലേയ്ക്ക് കാലത്തിന്റെ കൈപിടിച്ച് പ്രവേശിക്കും. അതുവരെ മാത്രം നടക്കുന്ന ഈ തെരഞ്ഞെടുപ്പ് മാമാങ്കത്തിൽ എടുത്ത് ചാടി മനസ്സ് കളങ്കപ്പെടാതെ സൂക്ഷിക്കുക. ഒരു വിനോദം പോലെ കരുതി കളിക്കുകയോ, സാക്ഷിയാകുകയോ ചെയ്യാം. എല്ലാവർക്കും മംഗളം ഭവിക്കട്ടെ എന്നതായിരിക്കട്ടെ നമ്മുടെ ഭാവം. മനുഷ്യന്റെ കാഴ്ചയ്ക്കും, വീക്ഷണത്തിനുമപ്പുറം പല കാര്യങ്ങളും ലോകത്തിലുണ്ട്. അവിടെ തീരുമാനങ്ങൾ എടുത്ത് നടപ്പാക്കുന്നത് പ്രപഞ്ചശക്തിയാണ്. മനുഷ്യൻ ഒന്ന് ഇച്ഛിക്കുന്നു ദൈവം മറ്റൊന്ന് നടത്തുന്നു.

**6. പലേക്കർ കൃഷി** : – 2016 ജനുവരി 3 മുതൽ 10 വരെയുള്ള 8 ദിവസം കേരളത്തിലെ കർഷകർക്കു വേണ്ടിയുള്ള ഒരു പരിശീലന പരിപാടി നടത്തുന്നുണ്ട്. തൃശൂർ ടൗണിനടുത്ത് പുതുക്കാട് കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിനടുത്ത് ഗാന്ധിനഗറിലാണ് പരിശീലന ക്യാമ്പ്. 8 ദിവസം പലേക്കർ തന്നെയാണ് പഠിപ്പിക്കുന്നത്. ഉച്ചഭക്ഷണത്തിനും, ക്യാമ്പിന്റെ ചിലവുകൾക്കുമായി 1000/- രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് – 09497362839 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

## പലേക്കർ കൃഷി നൽകുന്ന പ്രതീക്ഷകൾ

2015 ഫെബ്രുവരി 28-ന് മൂവാറ്റുപുഴ ടൗണിൽ നിന്ന് 15 കി.മി. കിഴക്കുള്ള ചെറുവത്തൂർ എന്ന സ്ഥലത്തെ ഗ്രാമീണ വായനശാലയിൽ വെച്ചു നടത്തിയ കാർഷിക സെമിനാറിൽ ചെലവില്ലാ പ്രകൃതികൃഷിയെപ്പറ്റി ഒരു ക്ലാസ്സ് എടുക്കുകയുണ്ടായി. ഇന്ന് നമ്മൾ നേരിടുന്ന ആരോഗ്യ പ്രതിസന്ധികളെയും ഭക്ഷണശൈലിയേയും കൂട്ടിച്ചേർത്തുകൊണ്ട് ചെലവില്ലാ പ്രകൃതികൃഷിയുടെ ആവശ്യകതയും, പ്രായോഗികവശങ്ങളും ആവും വിധം പറഞ്ഞു. സംശയങ്ങൾ ചോദിക്കുവാനുള്ള അവസരമായപ്പോൾ ഒരു വീട്ടമ്മ എഴുന്നേറ്റ് ഹ്രസ്വമായ വിവരണത്തോടെ ഒരു ചോദ്യം ഉന്നയിച്ചു. അത് ഇപ്രകാരമായിരുന്നു.

ഞങ്ങൾ താമസിക്കുന്നിടത്തു നിന്നും അല്പം അകലെയായി ഞങ്ങൾക്ക് ഒരേക്കർ പുരയിടം ഉണ്ട്. നാലു വർഷം മുമ്പ് റബ്ബർ വെട്ടിമാറ്റിയപ്പോൾ മൂന്നു വർഷത്തേയ്ക്ക് കൈതകൃഷി ചെയ്യുവാൻ പാട്ടത്തിനു കൊടുത്തു. കഴിഞ്ഞ വർഷം പാട്ടം ഒഴിവായി. എന്നാൽ കൈതച്ചെടികൾ അവർ മാറ്റിയിരുന്നില്ല, ചെരിവുള്ള തട്ടുതട്ടായ സ്ഥലമായിരുന്നതു കൊണ്ട് ഞങ്ങൾ തന്നെ ആളെ നിർത്തി മുഴുവൻ ചെടികളും പിഴുത് എറ്റവും താഴത്തെ കണ്ടത്തിൽ കൂട്ടിയിട്ടു. ഒരാഴ്ച കഴിഞ്ഞ് അവയെല്ലാം കത്തിച്ചു, എന്നിട്ട് നാലു വശത്തു നിന്നും മണ്ണു കൂട്ടി അവിടെ മഞ്ഞൾ നട്ടു. കഴിഞ്ഞ മാസം മഞ്ഞൾ പറിച്ചു എന്നാൽ ഒറ്റ മഞ്ഞളിന് പോലും വിത്തില്ലായിരുന്നു. പകരം കപ്പയുടെ ആകൃതിയിൽ ആറേഴിഞ്ചു നീളമുള്ള തടമാത്രമാണ് ഉണ്ടായിരുന്നത്. പുറമേ ഇരുണ്ടനിറമായിരുന്നു മുറിച്ചു നോക്കിയപ്പോൾ നല്ല മഞ്ഞളിന്റെ നിറം. അത് മുഴുവൻ പുഴുങ്ങി ഉണക്കിപ്പൊടിച്ചു, ആ മഞ്ഞൾപ്പൊടി ഉപയോഗിക്കാമോ ?

ഉത്തരം പറയുവാൻ അല്പം പോലും ആലോചിക്കേണ്ടി വന്നില്ല. അത് ഉപയോഗിക്കാതിരുക്കുന്നതു തന്നെയാണ് നല്ലത്. മൂന്നു നാലു മിനിട്ടു നേരത്തേയ്ക്ക് തമ്മിൽതമ്മിലുള്ള തർക്കവും, സംസാരവും കൊണ്ട് സദസ്സിൽ ബഹളമായി.

ഇത്തരം ചോദ്യങ്ങൾ വേറിട്ട ഒരനുഭവമല്ല. കൃഷിയേപ്പറ്റിയും, വിളകളുടെ സംശുദ്ധിയെപ്പറ്റിയുമൊക്കെ നിലവിലുള്ള ധാരണകൾ പിശകുള്ളതാണ് എന്ന തിരിച്ചറിവ് അടുത്തകാലത്തായി ശക്തിപ്പെട്ടിട്ടുണ്ട്. കൂത്താട്ടുകുളം, മൂവാറ്റുപുഴ, വാഴക്കുളം, ഭാഗങ്ങൾ കൈതകൃഷിയുടെ കേന്ദ്രങ്ങളാണ്. ഒരേപോലെ വളർന്ന് ഒരേപോലെ പൂത്ത് വിള ലഭിക്കുന്നതിന്റെ പിന്നിലെ ഇടപെടലുകൾ വായനക്കാർക്കും അറിവുള്ളതാണല്ലോ. മൂന്നു വർഷം പ്രസ്തുത സ്ഥലത്ത് ഉപയോഗിച്ച സകല രാസവസ്തുക്കളും ആ മണ്ണിൽത്തന്നെ ഉണ്ടായിരുന്നു. ഇനിയും എത്രനാൾ അവ അവിടെ കിടക്കും? ആ മണ്ണിൽ വിളയുന്ന ഒരു പുൽക്കൊടിയിൽപ്പോലും അവയുടെ സ്വാധീനവും പാർശ്വഫലങ്ങളും ഉണ്ടാവുകയില്ലേ? ഒരു വിളയുടെ പരമ്പരാഗ

തമായ, പ്രകൃതിദത്തമായ ആകൃതിയെത്തന്നെ വികലമാക്കുകയും, മാറ്റിമറിക്കുകയും ചെയ്തു എങ്കിൽ അതിന്റെ സൂക്ഷ്മതലത്തിലുള്ള വീര്യരസഗുണാദികളെ എത്രമാത്രം തകിടം മറിച്ചിട്ടുണ്ടാകുമെന്നു ള്ളതിന് എങ്ങനെ ഉത്തരം കണ്ടെത്തും. മഞ്ഞളിന്റെ ഗുണത്തിനു പകരം അത് അകത്താക്കിയാൽ ശരീരഘടനിൽ തകരാറുണ്ടാക്കു വാൻ പറ്റുന്ന അപകടകരങ്ങളായ സൂക്ഷ്മാംശങ്ങൾ ഉണ്ടാകില്ല എന്ന് ഉറപ്പിച്ചു പറയാൻ പറ്റുമോ. ഇങ്ങനെയെല്ലാം ഉണ്ടാക്കിയെ ടുത്ത കൈതച്ചക്ക എത്രമാത്രം ഭക്ഷ്യയോഗ്യമായിരുന്നു? ജീവരാ ശികൾക്ക് - മനുഷ്യർ മാത്രമല്ലല്ലോ ഇവ അകത്താക്കുന്നത്. എത്ര നാൾ ഈ രാസികങ്ങളെ ചെറുത്തു നിൽക്കുവാൻ പറ്റും? കൈത കൃഷി മേഖലയിൽ കിഡ്നി രോഗികളുടെ എണ്ണം വർദ്ധിക്കുന്നതെ ന്തുകൊണ്ട്? രാസികങ്ങൾ ഏതായാലും, എന്തായാലും ജീവശരീ രങ്ങൾക്ക് മാലിന്യമാണ്; വിഷമാണ്. വിഷപൂരിതമായ മണ്ണിൽ വിള യുന്ന ഭക്ഷ്യങ്ങൾ കഴിക്കുന്ന നമുക്ക് ഉണ്ടാകുന്ന ഏറ്റവും ചെറിയ രോഗം ക്യാൻസർ ആകാതിക്കുന്നതെങ്ങനെ?

ഹരിത വിപ്ലവത്തോടെയാണ് ഈ ദുരന്തങ്ങളുടെ തുടക്കമെന്ന് സമ്മതിച്ചു കൊടുക്കുവാൻ തയ്യാറാകാത്ത വിദഗ്ദ്ധരും, ഭരണ കർത്താക്കളും നമ്മുടെ രാജ്യത്തിന്റെ കാർഷിക സംസ്കൃതി യെപ്പറ്റിയും, അത് നൽകിയിരുന്ന സമൃദ്ധിയെപ്പറ്റിയും സമ്പന്നത യെപ്പറ്റിയും അൽപം പോലും അറിവില്ലാത്തവരാണ്.

അറുപത് - എഴുപത് വർഷം മുമ്പുവരെ നമ്മൾ തുടർന്നി രുന്ന കൃഷിയുടെ നന്മകൾ ആസ്വദിച്ചിട്ടുള്ള തലമുറ ഇന്നും സജീ വമായിട്ടുണ്ടിവിടെ. ആ നന്മകളെ കേന്ദ്രീകരിച്ചു കൊണ്ട് നിരവധി പഠനങ്ങളും പരീക്ഷണങ്ങളും നടത്തി ആധുനിക കൃഷിയുടെ സങ്കേ തങ്ങളായി തുലനം ചെയ്തപ്പോൾ പരമ്പരാഗത കൃഷിരീതിയിൽ മറഞ്ഞിരുന്ന ശാസ്ത്രീയത കൂടുതൽ സ്പഷ്ടമാകുകയാണ് ചെയ്തത്.

ചെലവില്ലാ പ്രകൃതികൃഷി എന്ന പേരു നൽകി കാൽനൂറ്റാ ണ്ടുകാലം ഒരു നിയോഗം പോലെ സ്വയം ഏറ്റെടുത്ത് സമൂഹന ന്മയ്ക്ക് വേണ്ടി തികച്ചും നിസ്വാർത്ഥമായി അത് പ്രചരിപ്പിച്ചു കൊണ്ടിരുന്ന മഹാരാഷ്ട്രക്കാരനായ സുഭാഷ് പാലേക്കറോട് ഈ

വിഷയത്തിൽ നമ്മുടെ രാജ്യം കടപ്പെട്ടിരിക്കുന്നു. ഇന്ന് അമ്പതുല ക്ഷത്തിലധികം കർഷകൻ ഇന്ത്യയിൽ ഈ രീതിയിൽ കൃഷി ചെയ്യുന്നുണ്ട്.

**കുര്യൻചേട്ടൻ, കോട്ടയം/9446390839.**

*(തുടരും)*

---

## സ്മരണാഞ്ജലിയിലെ ജൈവാർച്ചനകൾ

കഞ്ഞിപ്പാടത്തു നിന്നും ഗോപാലകൃഷ്ണപ്പണിക്കർ, രാമചന്ദ്രപ്പണിക്കർ, വെളിഞ്ഞൂത്ര 250/- രൂപ വീതം, അനിൽകുമാർ, കൈതക്കളം - 200/-, സനൽകുമാർ ശ്രേയസ്സ് - 500/-, രാമചന്ദ്രക്കുറുപ്പ് ലതാഭവൻ - 500/-, രമ, ശ്രീസദനം - 100/-, തങ്കപ്പൻ സാർ, വൈശ്യംഭാഗം - 100/-, രാജലക്ഷ്മി, കൈതക്കളം - 100/-, ചന്ദ്രശേഖരൻ, ഉഷസ്സ് - 200/-, ശാന്തമ്മ, ഗോവിന്ദവിലാസം - ക്യാമ്പിനുള്ള കരിക്കും, തേങ്ങയും.

നീർക്കുന്നം-വണ്ടാനം-ജി.സി. കുറുപ്പ്, എമ്മത്താൻവീട്-200/-, അനീഷ്, അനിഴം-500/-, ഡോ.ഗോപാലകൃഷ്ണൻ-500/-, ഡോ.പത്മകുമാർ-1000/-, ഹംസ, കുഴിവേലി-200/-, ബാബു, ചൈതന്യ-250/-, റഫീഖ്, ആലിഫ്-300/-.

അമ്പലപ്പുഴ - കൃഷ്ണദാസ് പാലാഴി - 500/-, കെ.എസ്. കുട്ടപ്പൻ - 200/-, ചന്ദ്രൻ പുറക്കാട്-500/-, സുരേഷ്, തോട്ടപ്പള്ളി-300/-, ഡോ. ജയശ്രീ, ശ്രീപാദം - 1000/-, കൃഷ്ണൻകുട്ടി നായർ - 100/-, എ.ജി. തമ്പാൻ - 100/-, ചന്ദ്രശേഖരപിള്ള (ഗോപിക്കുട്ടൻ) - 1000/-, സുകുമാരൻ - 100/-.

കളർകോഡ്-ജി.പി. നായർ-500/-, കമലാസനൻ-200/-, ഗോപകുമാർ, സായികൃപ - 500/-, അഷറഫ് - 300/-, രമേശ് - 200/-.

ആലപ്പുഴ - ഷാജി - 250/-, ശിവാനന്ദൻ സാർ 500/-, ബോസ് ചേട്ടൻ - 300/-, സരസമ്മചേച്ചി - 250/-, സുധീർ, ഗുരുകുലം - 200/-.

ഡോ. എസ്.കെ. മാധവൻ, പ്രകൃതിചികിത്സാലയം കണ്ണൂർ - 1000/-, ഡോ. എൻ.എൻ. പണിക്കർ, തിരുവനന്തപുരം - 500/-, സുരേഷ് ബാബു, പുനലൂർ - 1000/-, കെ.ജെ. തോമസ് - 100/- ഡോ. ജേക്കബ്ബ് വടക്കഞ്ചേരി

സത്യം

അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

➡ - 1000/-, നാരായണമേനോൻ, പച്ച - 300/-, എം.ആർ.രാജീവ്, മണക്കാട്-300/-,അപ്പുക്കുട്ടൻപിള്ള, ശാസ്താംകോട്ട - 500/-.

കോട്ടയം - ലാൽ തോമസ് - 500/-, കുരുവിള തോമസ് - 500/-, എബി ഇമ്മാനുവൽ - 250/-, ഫിലിപ്പ്, പാമ്പാടി - 500/-.

സ്മരണാഞ്ജലിയുടെ ചെലവുകളും, ദർശനം പ്രിന്റിംഗും എല്ലാം മടിശ്ശീലകൊണ്ട് ഭംഗിയായി നടക്കുന്നുണ്ട്. എല്ലാവർക്കും പ്രണാമം.

---

**സ്വാതന്ത്ര്യം തന്നെയമൃതം** :- ശരീര മനസ്സുകളുടെ സ്വാതന്ത്ര്യത്തിനായി പരിശ്രമിക്കുക. ഉള്ളിൽ പേറുന്ന രോഗങ്ങളായ അഹങ്കാരം, അസൂയ, വെറുപ്പ്, കോപം എന്നീ നിഷേധാത്മക ചിന്തകളെ സ്നേഹവും, കാരുണ്യവും കൊണ്ട് ശുഭാത്മകമായി മാറ്റുക. നല്ല ആഹാരം, അദ്ധ്വാനം, ഉപവാസം, സദ്ചിന്തകൾ എന്നിവയിലൂടെ ശരീരവും രോഗമുക്തമാകുമ്പോൾ ലഭിക്കുന്നതാണ് ജീവിതാനന്ദം.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306